മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 11 | THE ONLINE OFFICIAL NEWS BULLETIN | 2024 March 07

വലിയ നോമ്പുകാലം | SEASON OF GREAT LENT | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 Kfifto (Crippled Woman) 5th Sunday of Great Lent ♪5 10	♪1 11	♪5 12	♪1 13	♪5 14	♪1 15	♪5 16



പരുമല സെമിനാരിയിലെ നവീകരിച്ച ഓഫീസ് മന്ദിരത്തിന്റെ കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നീ മെത്രാപ്പോലീത്തമാരും പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാനും ചടങ്ങിൽ സംബന്ധിച്ചു.



പരുമല സെന്റ് ഗ്രീഗോറിയോസ് യുവജന പ്രസ്ഥാനത്തിന്റെ ഓക്സില ക്യാൻസർ ചികിത്സ സഹായ പദ്ധതിയുടെ 2023-24 വർഷത്തെ രണ്ടാം ഘട്ട വിതരണോദ്ഘാടനവും അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികളുടെ സ്പോൺസർഷിപ്പിനായി പ്രസ്ഥാനം സമാഹരിച്ച തുകയുടെ ചെക്ക് കൈ മാറ്റവും പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.



വാഴൂർ സെൻറ് പോൾസ് ഹൈസ്കൂളിലെ നവീകരിച്ച പദ്ധതികളുടെ ഉദ്ഘാടനം കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു.



യു.എ.ഇ. മേഖലയിൽ സഹോദരൻ പദ്ധതിയുടെ മെമ്പർഷിപ്പ് രമാുമശഴി പ. കാതോലിക്കാ ബാവാ തിരുമേനി സഭാ വർക്കിംഗ് കമ്മിറ്റിയംഗം ജേക്കബ് മാത്യുവിന് നൽകി ഉദ്ഘാടനം ചെയ്തു.



സഖറിയ മാർ സേവേറിയോസ് പ്രഥമ ബർസ്കീപ്പാ റമ്പാൻ പുരസ്കാരം ജോസഫ് റമ്പാന് നൽകി ആദരിച്ചു.



75-ാമത് കൂത്താട്ടുകുളം ബൈബിൾ കൺവൻഷൻ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പൊലീത്താ ഉദ്ഘാടനം ചെയ്തു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1924-ലെ കല്പനകളുടെ നമ്പർ ബുക്ക്.

523. പുതുമഠത്തിൽ ഗീവറുഗീസിനു. ശീമയാത്രയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

524. പുളിമൂട്ടിൽ തോമ്മസിനു. ശീമയാത്രയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

525. ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ കുഞ്ഞിനു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

526. മേലേത്രയിലായ പൊയ്യക്കൻ അവിരാ അവിരായ്ക്കു. ടിയാന്റെ നോട്ടു തിരികെ അയയ്ക്കുന്നതായി. മിഥുനം 6-നു. ടി സ്ഥലം.

527. ചാവടിയിൽ ഗീവറുഗീസു മുതലാളിക്കു. പലിശ വകയിൽ 100 രൂപ ഇവിടെ ഏല്പിച്ച വിവരത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

528. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

529. പനയ്ക്കാമറ്റത്തു അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കു. മിഥുനം 9-നു. ടി സ്ഥലം.

530. നെടുമ്പ്രോത്തു തുരുത്തിൽ ഗീവറുഗീസിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

531. കല്ലറയ്ക്കൽ കുഞ്ചപ്പനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

532. കെ. എം. പീലിപ്പോസു ഇൻസ്പെക്ടർക്കു. അയച്ചുതന്ന പവൻ പത്തും എഴുത്തും കിട്ടിയെന്നും മറ്റും. മിഥുനം 10-നു. ടി സ്ഥലം.

533. തൈയ്യിൽ കണ്ടത്തിൽ ഈപ്പച്ചനു. ഒസ്താത്തിയോസും നാലു പട്ടക്കാരും ... ടി തീയതി. ടി സ്ഥലം.

534. എറികാട്ടു കല്ലറയ്ക്കൽ കുഞ്ചപ്പനു. ഒസ്താത്തിയോസിന്റെയും മറ്റും ശീമയാത്രയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

535. കൊച്ചുമാമ്മച്ചനു. തുമ്പമൺ ഇംഗ്ലീഷു സ്കൂളിൽ നിന്നു സക്കറിയാ വാദ്ധ്യാർ പോകുന്ന ഒഴിവിൽ കെ. കെ. ഉമ്മനെ നിയമിക്കണമെന്നും മറ്റും. മിഥുനം 11-നു. ടി സ്ഥലം.

536. ജോർജ് ലൂക്ക് മുതലാളിക്ക്. വർത്തമാനങ്ങൾക്കു. മിഥുനം 13-നു. ടി സ്ഥലം.

M. Willington, Santacruz, Bombay.

537. പുലിക്കോട്ടിൽ യൗസേഫു ശെമ്മാശനു. സുഖത്തോടെ ... വർത്തമാനങ്ങൾക്കും മറ്റും. 1099 ധനു 3. പരുമല സിമ്മനാരി.

538. കുരിശിങ്കൽ മാണിക്കത്തനാർക്കു. സാമാധാന ആലോചനയെക്കുറിച്ചും മറ്റും മറുപടി അയച്ചു. ടി തീയതി. ടി സ്ഥലം.

539. തെരുവത്തു മൂപ്പച്ചനു. വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

540. പടിഞ്ഞാറേത്തലയ്ക്കൽ അബ്രഹാംകുട്ടിക്കു. രണ്ടുമൂന്നു ദിവസിക്കകം കോട്ടയത്തു എത്തുമെന്നും ഈ വിവരം യൂലിയോസ് മെത്രാച്ചനെ അറിയിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

541. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. രണ്ടുമൂന്നു ദിവസിക്കകം കോട്ടയത്തു എത്തുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

542. പാലത്തുങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

543. പാലപ്പള്ളിൽ പൗലൂസു കത്തനാർ. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

544. നടയ്ക്കൽ വി. വർക്കിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

545. To, Fr. J. T. M. Alvares. Parish Priest, Church of our lady of Good Death. Hultsdong, Colombo. വർത്തമാനങ്ങൾക്കും മറ്റും. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും. 1099 ധനു 13-നു.

546. To Taumaturgo Pereira, Judge, Goa. യൂലിയോസ് അൽവാറീസ് മെത്രാച്ചന്റെ സാമാനങ്ങൾ പി. ജി. കോശി കത്തനാർ വശം ഏല്പിച്ചു അയയ്ക്കണമെന്നും മറ്റും. 1099-നു ധനു 13-നു കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും.



പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ടൈറ്റസ് രണ്ടാമൻ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് അയച്ച കത്ത്

549. To Titus Mar Thoma Metropolitan, Thiruvalla.

My dear Metropolitan,

I am sorry I was not able to be present in the meeting held in connection with the celebration of your grace's Silver Jubilee. The invitation letter reached me only a few days after the celebration. Even if the letter had reached me in time, on account of the manifold distractions, I doubt if I could have found my way to be present in the meeting. I take this occassion, though rather belated to heartily congratulate you on the auspicious occasion of the celebration of your jubilee. It is my earnest prayer that a way be found under divine guidance, for the union of the Churches, not only in Malabar but also of all churches here and the World. I pray for your long life and happiness.

... Mar Dionysius

2-1-1924
Mar Elia Chapel
Kottayam

547. പി. ജി. കോശി കത്തനാർക്കു. 50 രൂപ ഗോവയിലേക്കുള്ള യാത്രച്ചെല വിനു വേണ്ടി അയക്കുന്നുയെന്നും ഉടനെതന്നെ ഗോവയിൽ പോയി Taumaturgo Pereira ജഡ്ജിയെ കണ്ടു അൽവാറീസു മെത്രാച്ചന്റെ സാധനങ്ങൾ വാങ്ങിക്കൊണ്ടു പോരണമെന്നും തൽക്കാലം ബ്രഹ്മവാറിനു വരാൻ സാധിക്കുകയില്ല എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

548. വട്ടക്കുന്നേൽ മൂപ്പച്ചനു. കുഴിമറ്റത്തു പള്ളി ഇടവകയിൽ മാമ്മൂട്ടിൽ ചാക്കോയുടെ മകൾ അച്ചാമ്മയുടെ മകന്റെ കുട്ടിയുടെ അവകാശത്തെക്കുറിച്ചു ... മുതൽപേരെ വരുത്തിച്ചു കേട്ടു തീരുമാനിക്കുന്നതിനു 1099 ധനു 16. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും.

550. കുറിയാക്കോസ് റമ്പാച്ചനു (പിന്നീട് പ. പാമ്പാടി തിരുമേനി - എഡിറ്റർ). പാമ്പാടി തെക്കുംഭാഗം പുത്തൻപള്ളിയിലെ കണക്കുകൾ കേട്ടു മേൽനടപടി ശരിപ്പെടുത്തി നമ്മുടെ പേർക്കു റിപ്പോർട്ടു ചെയ്യുന്നതിനും മറ്റും. 1099 ധനു 14-നു കോട്ടയം ഏലിയാ ചാപ്പലിൽ നിന്നും.

551. ഓമ്പാള ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

552. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

553. കോന്നി വടക്കേക്കര പുത്തൻ ... പള്ളിക്കു. യോഗനിശ്ചയം അനുസരിച്ചു വീടു ഒന്നുക്കു ഒരു തെങ്ങു വീതം തെങ്ങുകെട്ടുന്നതിനും അതിന്റെ വരുമാനവും നടവരവും കൊണ്ടു നിത്യച്ചെലവും ചിട്ടിക്കു അടയ്ക്കേണ്ട ചിലവും മറ്റും നടത്തിക്കൊള്ളണമെന്നും മുൻച്ചുമതലക്കാരുടെ ചുമതല ഒഴിച്ചു പുതുതായി തിരഞ്ഞെടുത്തിരിക്കുന്ന കുമ്പുക്കാട്ടു ഗീവറുഗീസു തോമസിനെ മുതൽക്കെട്ടിനും ആമ്പശ്ശേരിൽ ചാണ്ടി കോശിയെ കണക്കെഴുത്തിനും നാം നിയമിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു ചുമതലകൾ നടത്തിച്ചുകൊള്ളണമെന്നും മുൻചുമതലയിലെ കണക്കു കേട്ടു ബാക്കി പണവും റിക്കാടുകളും ... താക്കോലുകളും പുതിയ ചുമതലക്കാരെ ഏല്പിച്ചു വികാരിയെക്കൊണ്ടും പുതിയ ചുമതലക്കാരെക്കൊണ്ടും രസീതു കൊടുപ്പിച്ചുകൊള്ളണമെന്നും പള്ളിവരുമാനങ്ങളെക്കുറിച്ചും പട്ടത്വവരുമാനങ്ങളെക്കുറിച്ചും പിന്നാലെ വിവരമായി എഴുതി അയക്കുമ്പോൾ കല്പന അയച്ചുകൊള്ളാമെന്നും മറ്റും. 1099 ധനു 22. കോട്ടയം മാർ ഏലിയാ ചാപ്പലിൽ നിന്നും.

554. മുണ്ടപ്ലാക്കൽ യാക്കോബു കത്തനാർക്കു. പള്ളി ...

559. പീലക്സിനോസ് മെത്രാച്ചനു (പിന്നീട് പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ - എഡിറ്റർ). വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

560. ഇരുതല കോര വർക്കിക്കു. വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

561. പത്രോസ് മത്തായിക്കു. സഭയ്ക്കു നാം ദോഷം ചെയ്യുന്നതല്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

562. കെ. വി. ചാക്കോച്ചനു. വേണ്ടതുപോലെ പ്രവർത്തിക്കുന്നതിനു ഇട്ടിച്ചെറിയ .... ശട്ടംകെട്ടിയിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

563. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

564. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

565. പാലത്തുങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

566. തുമ്പമൺ പള്ളിക്കാർക്കു. പ്രിയരെ, ...

567. തയ്യിൽ ഇന്നച്ചനു. യൂലിയോസ് മെത്രാൻ ... ഇംഗ്ലീഷ് സ്കൂളിന്റെ ...

575. എം. മാത്യു വക്കീലിനു. ചൊവ്വാഴ്ചയോ ബുധനാഴ്ചയോ ... എത്തുമെന്നും സഹായത്തിനായി ... രുടെ വക്കീലിനെ കൂടെ ഏർപ്പെടുത്തിക്കൊള്ളണമെന്നും മറ്റും. പരുമല സിമ്മനാരിയിൽ നിന്നും.

99 മകരം 15-നു തിങ്കളാഴ്ച വൈകിട്ടു അത്താഴമേശ കഴിഞ്ഞു പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി ചെങ്ങന്നൂർ എത്തുകയും രാത്രിയിൽതന്നെ അവിടെനിന്നും സ്പെഷ്യൽ കാറു പിടിച്ചു പിറ്റേദിവസം രാവിലെ 7 മണി കഴിഞ്ഞു കോട്ടയം സെമിനാരിയിൽ എത്തുകയും ചെയ്തു.



Ceremony in the Orthodox church at Mosul
حفلة في كنيسة الاورثودكس في الموصل

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സഭാ സമാധാനത്തിനായി നടത്തിയ മർദീൻ യാത്രയിലെ അനുഭവങ്ങളെക്കുറിച്ച് എഴുതിയ ഒരു സ്വകാര്യ കത്ത്

577. കുരിശുങ്കൽ മാണി കത്തനാർക്കു. പ്രിയനെ, ഈ മാസം 11-നു അയച്ച എഴുത്തും ഈ മാസം 2-നു ആലുവായിൽ കൂടിയ യോഗനിശ്ചയങ്ങളുടെ പകർപ്പും കിട്ടി. വായിച്ചു കണ്ടതിൽ സന്തോഷിക്കുന്നു. താനും ഏതാനും പേരും നമ്മുടെ സഭയുടെ സമാധാനത്തിനുവേണ്ടി ഓരോരുത്തർ അവരവരുടെ ശേഷിക്കു തക്കവണ്ണം ഉത്സാഹിക്കുന്നതായി അറിയുന്നതിൽ ദൈവത്തെ സ്തുതിക്കയും നിങ്ങളുടെ പ്രയത്നങ്ങളെ ഫലവത്തായി തീർക്കുന്നതിനു വേണ്ടി ബലഹീനനായ നാം പ്രാർത്ഥിക്കയും ചെയ്യുന്നു.

നമ്മുടെ മർദീൻ യാത്രയെ സംബന്ധിച്ച നമ്മുടെ ഒരു കല്പന കഴിഞ്ഞ യാഴ്ചത്തെ മനോരമയിലും മറ്റു പത്രങ്ങളിലും നമ്മുടെ പേരു വച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാൽ പ്രധാനപ്പെട്ട മിക്ക സംഗതികളും അതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. തന്റെ എഴുത്തിൽ ചോദിച്ചിരിക്കുന്നതായ സംഗതികൾ മേൽപറഞ്ഞ കല്പനയിൽ എഴുതിയിട്ടില്ലാത്തതിനാൽ അതുകൂടെ മാത്രം ചുരുക്കമായി താഴെ വിവരിക്കുന്നു.

ഞങ്ങൾ പാത്രിയർക്കീസ് ബാവായുടെ അടുക്കൽനിന്നു വേർപിരിഞ്ഞു പോരുന്നതിനു മുമ്പ് തിരുമനസ്സ് ... കലയും മെഡലും തൃക്കൈ കൊണ്ടുതന്നെ നമ്മുടെ കഴുത്തിൽ സമർപ്പിക്കയും ബാവായുടെ സ്വരൂപമുള്ള ഓരോ ബാഡ്ജ് നമ്മുടെ കൂടെയുണ്ടായിരുന്ന പട്ടക്കാരെ ഇരുവരെയും ധരിപ്പിക്കയും മേലാൽ താങ്കൾക്കു നമ്മിൽ നിന്നു യാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്നു നമ്മുടെ അടുക്കൽനിന്നു നിങ്ങൾ ഇപ്പോൾ ദൂരദേശത്തേക്കു അകന്നു പോകുന്നുയെങ്കിലും നമ്മിൽ നിന്നും നിങ്ങൾ ഒരിക്കലും വേർപിരിയരുതെന്നു കല്പിക്കയും ചെയ്തു. ഇതിനുശേഷം അവിടെ നിന്നും ഞങ്ങൾ പോരുന്ന സമയം നാമും യൂലിയോസ് മെത്രാനും നമ്മോടുകൂടെ ഉണ്ടായിരുന്നവരും ബാവായുടെ മുമ്പാകെ മുട്ടുകുത്തുകയും ബാവാ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു ഞങ്ങളുടെമേൽ കൈവച്ചു ഞങ്ങളെ ആശീർവദിച്ചു അയക്കുകയും ഞങ്ങൾ കൈമുത്തി പോരുകയും ചെയ്തു. ഞങ്ങളുടെ യാത്രാസമയം അവിടെ കൂടിയിരുന്നവരായ റമ്പാന്മാർ, കശീശന്മാർ, ശെമ്മാശന്മാർ, ഇടവകജനങ്ങൾ മുതലായി എല്ലാവരും ഈവാനിയോസ് മെത്രാച്ചനും പട്ടണവീഥിയിൽ ഞങ്ങൾ വണ്ടിയേറിയ സ്ഥലംവരെ ഞങ്ങളോടുകൂടി വന്നെത്തി ഞങ്ങളുടെ കൈമുത്തി പിരിയുകയും ഈവാനിയോസു മെത്രാച്ചനും ഞങ്ങളും തമ്മിൽ മെത്രാന്മാരു നടത്തുന്നപോലെ തോളിൽ മുത്തി ആലിംഗനം ചെയ്തു പിരിയുകയും ചെയ്തു. ഹസീചായിൽ ഒരാശ്രമത്തിൽ വച്ച് യൂലിയോസ് മെത്രാൻ കുർബാന ചൊല്ലുകയുണ്ടായി. ... പോലെ ഞങ്ങൾ തമ്മിൽ കൈകസ്തൂരി കൊടുക്കുകയും വാങ്ങുകയും ചെയ്തു. ഞങ്ങൾ മൂസലിൽ എത്തിയപ്പോൾ പട്ടണവീഥിയിൽ

576. ... ഫീലിപ്പോച്ചനു. ചിട്ടിക്കേസ് സംബന്ധിച്ചു. 1099 മകരം 16. കുണ്ടറ സിമ്മനാരിയിൽ നിന്നും.

578. ... കുഞ്ഞിക്കോര മത്തായിക്കു. വർത്തമാനങ്ങൾക്കു. കുണ്ടറ സിമ്മനാരിയിൽ നിന്നും. മകരം 19.

579. വി. കെ. വർക്കിക്കു. മിസിസ് ഹോംസ് മദാമ്മയുടെ സെൻഡ്ഓഫിനു വേണ്ടതുപോലെ ഒക്കെ പ്രവർത്തിച്ചുകൊള്ളണമെന്നു. സ്കൂൾ ... സംബന്ധിച്ചു നാം പ്രവർത്തിക്കുമ്പോൾ ആ ഇടവകയോടു പറയേണ്ടതു ഒക്കെയും അറിയിച്ചു നടത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

580. പുലിക്കോട്ടിൽ യൗസേപ്പു റമ്പാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

581. ഫാദർ പി. റ്റി. ഗീവർഗീസ് കശ്ശീശായിക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

582. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. അയച്ച എഴുത്തു കിട്ടി. ടി കത്തിനും മറ്റുള്ള വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

583. പാലപ്പള്ളിൽ പൗലോസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

584. പനയ്ക്കൽ വറീതു ഇട്ടിയവിര. മകളുടെ കല്യാണത്തെ സംബന്ധിച്ചു അയച്ച കുറി കിട്ടിയെന്നും ചില അസൗകര്യങ്ങളാൽ വിവാഹത്തിനു വന്നു ചേരാൻ സാധിക്കയില്ലെന്നും. വധൂവരന്മാർക്കു സകലവിധ മംഗളങ്ങളെയും ആശംസിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

585. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 99 മകരം 20. കുണ്ടറ സിമ്മനാരിയിൽ നിന്നും.

586. പാലത്തുങ്കൽ ഇത്താപ്പിരിക്കു. അയച്ച എഴുത്തു കിട്ടിയെന്നും പരുമല നിന്നും ഇവിടെ എത്തി താമസിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

587. എം. എ. തോമസ് വക്കീലിനു. വക്കാലത്തുഫോറം ഒപ്പിട്ടു സാക്ഷ്യപ്പെടുത്തിച്ചു അയക്കുന്നുയെന്നും വർക്കിപ്പിള്ളയുമായി ആലോചിച്ചു വേണ്ടതു പ്രവർത്തിച്ചുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

600. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കു. മകളുടെ കല്യാണത്തിനു മംഗളം ആശംസിക്കുന്നുയെന്നും മറ്റും. 1099 മകരം 27. കുണ്ടറ സിമ്മനാരിയിൽ നിന്നും.

601. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

602. പീലിപ്പോസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

603. എറികാട്ടു കൊച്ചു കുഞ്ചപ്പനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

604. കെ. സി. ഈപ്പൻ മാപ്പിളയ്ക്കു. സിമ്മനാരി കേസുകളിൽ പി. കെ. നാരായണപ്പിള്ളയ്ക്കു കൂടെ വക്കാലത്തു കൊടുക്കണമെന്നും ഫീസു വകയിൽ മുമ്പേറു വല്ലതും കൊടുക്കേണ്ടത് ആവശ്യമെങ്കിൽ ഫീലിപ്പോച്ചൻ മുതലായവരോടു ആലോചിച്ചു കൊച്ചീപ്പച്ചൻ തന്നെ കൊടുത്തു കണക്കു എഴുതിക്കൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

605. വടക്കേടത്തു ഗീവറുഗീസു കത്തനാർക്കു. കൺവൻഷനിൽ സംബന്ധിക്കുന്നതിനായി അങ്ങോട്ടുള്ള യാത്രയെ സംബന്ധിച്ചും മറ്റും. 1099 മകരം 24. കുണ്ടറ സിമ്മനാരിയിൽ നിന്നും.

606. പീടികയിൽ ഗീവറുഗീസു കത്തനാർക്കു. നാം മാക്കാംകുന്നു കൺവൻഷനു വന്നുചേരുന്നതിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

607. To Nicea Agnes Fenangao, American School, Mardin. യൂലിയോസ് മെത്രാൻ ഇവിടെ വന്നാറെ ടിയാന്റെ നടപടികളെ സംബന്ധിച്ചും പാത്രിയർക്കീസു ബാവായുടെ പേർക്കു അയച്ചിട്ടുള്ള എഴുത്തിന്റെ ഇംഗ്ലീഷ് തർജ്ജമ ഇതൊന്നിച്ചയയ്ക്കുന്നു എന്നും മദാമ്മ ബാവായെ കണ്ടു കത്തു കൊടുത്തു വിവരങ്ങൾ അറിയിക്കണമെന്നും മറ്റും. 11 ഫെബ്രുവരി 1924.


(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

നിന്നിരുന്ന ക്ലീമ്മിസ് മെത്രാനും ഞങ്ങളും തമ്മിൽ തോളുമുത്തി ആലിംഗനം ചെയ്യുകയുണ്ടായി. മൂസലിലെ പടിഞ്ഞാറെപള്ളി ... തോളു മുത്തി ഞങ്ങളെ ആലിംഗനം ചെയ്യുകയും അവർ ഇരുവരും അവിടെ കൂടിയിരുന്ന കശീശന്മാർ, ശെമ്മാശന്മാർ, ജനങ്ങൾ മുതലായ എല്ലാവരെയും സ്കൂൾകുട്ടികളെയും കൂട്ടി ഞങ്ങളെ ഇരുവരെയും അംശവസ്ത്രങ്ങൾ ധരിപ്പിച്ച് രാഗങ്ങൾ ചൊല്ലി ബഹുമാനപൂർവ്വം പള്ളിയിൽ കൊണ്ടുപോയി. അവിടത്തെ പതിവനുസരിച്ച് ഓക്സിയോസ് ചൊല്ലി ഞങ്ങളെ ആഘോഷിക്കയും കൂടിയവർ എല്ലാവരും ഞങ്ങളുടെ കൈ മുത്തുകയും ... ഞങ്ങൾ അവിടെ താമസിച്ചിരുന്ന ദിവസങ്ങൾ ഒക്കെയും കുർബ്ബാന സമയത്തും നമസ്കാരസമയത്തും തമ്മിൽ തമ്മിൽ കൈകസ്തൂരി കൊടുക്കുകയും മാറി മാറി ശുബഹോ ചൊല്ലുക, കുന്തിരിക്കം ഇടുക, ധൂപക്കുറ്റി വാഴ്ത്തുക, ഹൂത്തോമ്മോയിൽ അവസാനത്തെ അനുഗ്രഹം ചൊല്ലുക മുതലായത് സകലവും യാതൊരു ഭേദവും കൂടാതെ നടത്തിയെന്ന് മാത്രമല്ല, മൂസലിലെ അത്താനാസിയോസ് മെത്രാച്ചൻ നമുക്കു മുമ്പ് സ്ഥാനം ഏറ്റ ആളാണെങ്കിലും അവിടത്തെ പതിവിൽ അധികം കൂടുതലായി നമ്മെ ബഹുമാനിക്കയും മുമ്പനായി അദ്ദേഹം ചെയ്യേണ്ടിയ സകലവും നിർബന്ധിച്ച് നമ്മെക്കൊണ്ട് ചെയ്യിക്കയും ചെയ്തുവെന്നതും കൂടാതെ ഒരു ഞായറാഴ്ച നമ്മെക്കൊണ്ട് അവിടെ പ്രസംഗിപ്പിക്കയും ചെയ്തു. മൂസലിൽ നിന്നു ഞങ്ങൾ പോരുന്ന സമയം അവിടത്തെ മെത്രാന്മാർ ഇരുവരും പട്ടണവീഥിയിൽ ഞങ്ങൾ കാറു കയറിയ സ്ഥലംവരെ ഞങ്ങളോടുകൂടെ വരികയും ഞങ്ങൾ തമ്മിൽ ആലിംഗനം ചെയ്കയും കൂടിയിരുന്ന റമ്പാന്മാർ, കശീശന്മാർ, ശെമ്മാശന്മാർ, ജനങ്ങൾ ആദിയായ എല്ലാവരും ഞങ്ങളുടെ കൈ മുത്തി പിരിയുകയും ചെയ്തു. ചുരുക്കിപറയുന്നതായാൽ മർദ്ദീൻ, ഹസീച്ചാ, ദാറിസോർ, മൂസൽ, ബാഗ്ദാദ്, ബസറ, ബോംബെ മുതലായി ഞങ്ങൾ താമസിച്ച എല്ലാ സ്ഥലങ്ങളിലും നാമും യൂലിയോസ് മെത്രാനും കുർബ്ബാന, നമസ്കാരം മുതലായ എല്ലാ ശുശ്രൂഷകളിലും കൈകസ്തൂരി കൊടുക്കുക, ബാറെക്മോർ, ന്സാലെകൂലാൻ ചൊല്ലുക, കുന്തിരിക്കം ഇടുക, ധൂപക്കുറ്റി വാഴ്ത്തുക, ശോശപ്പായുടെ കോൺ മുത്തുക മുതലായ സകലവും യാതൊരു ഭേദവും കൂടാതെ ഞങ്ങൾ ഇരുവരും നടത്തുകയാണ് ചെയ്തുവന്നത്. മുമ്പ് സ്ഥാനം ഏറ്റ ആളും വൃദ്ധനും നാം ആകയാൽ ഷൊർണ്ണൂർ എത്തുന്നതുവരെയും യൂലിയോസ് മെത്രാൻ നമ്മെ മുമ്പൻ എന്ന നിലയിലാണ് ബഹുമാനിച്ചു നമ്മോട് പെരുമാറി വന്നത്. മെത്രാന്മാർ, റമ്പാന്മാർ, കശീശന്മാർ, ശെമ്മാശന്മാർ, ജനങ്ങൾ മുതലായ എല്ലാവരും യൂലിയോസ് മെത്രാനും ന്യായമായും ബഹുമാനമായും നമ്മോട് വർത്തിച്ചതല്ലാതെ ഒരു മുടക്കുകാരനായി നമ്മെ ആരും വിചാരിക്കുകയോ ആ വിധത്തിൽ നമ്മോടു പെരുമാറുകയോ ഉണ്ടായിട്ടില്ല.

നമ്മോടു കൂടെയുണ്ടായിരുന്ന പട്ടക്കാരോടു എല്ലാവരും പെരുമാറിയത് ഈ വിധത്തിൽ തന്നെയായിരുന്നു. ഹാസീച്ചാ, ഡാറിസോറു ഈ രണ്ടു സ്ഥലങ്ങളിലും യൂലിയോസ് മെത്രാന്റെ ആജ്ഞയനുസരിച്ചു ഞങ്ങൾ വിവാഹകൂദാശയും മാമോദീസായും നടത്തിയതു കൂടാതെ മൂസലിൽ വച്ചും ബാഗ്ദാദിൽ വച്ചും യൂലിയോസ് മെത്രാൻ കൂടെയുള്ളപ്പോൾ ഞാൻ കുർബാന ചൊല്ലുകയും ചെയ്തു. ഞങ്ങൾ ഒരുമിച്ചു നമസ്കരിക്കുമ്പോഴൊക്കെയും നമ്മോടു കൂടെയുള്ള പട്ടക്കാരെക്കൊണ്ടാണു ഹൂത്തോമ്മോ ചൊല്ലിച്ചു വന്നതു. ഹൂത്തോമ്മോയുടെ അവസാനത്തുള്ള അനുഗ്രഹവചനം നാമും യൂലിയോസ് മെത്രാനും മാറി മാറി ചൊല്ലുകയും ചെയ്തുവന്നു. പാത്രിയർക്കീസ് ബാവാ കല്പിച്ചതു വരെ അംശവസ്ത്രങ്ങൾ ധരിപ്പിക്കയും ശുശ്രൂഷകളിൽ സഹകരിപ്പിക്കുകയും പ്രുമിയോൻ മുതലായി ചിലത് ഈ പട്ടക്കാരെക്കൊണ്ടു ചൊല്ലിക്കയും ചെയ്കയുണ്ടായി. പാത്രിയർക്കീസ് ബാവാ നമ്മോടു കല്പിച്ചതനുസരിച്ചു യൂലിയോസ് മെത്രാന്റെ യാത്രച്ചിലവു മുഴുവനും ... നമ്മുടെ കൈയിൽ നിന്നാണ് ചെലവു ചെയ്തത്. യൂലിയോസ് മെത്രാൻ മലങ്കര എത്തിയപ്പോൾ ഒസ്താത്തിയോസ് മെത്രാന്റെയും വേറെ ചിലരുടെയും ദുരാലോചന കേട്ടു സത്യവും തത്വവും വിട്ടു പ്രവർത്തിക്കയും ... മറുത്തുനിൽക്കാം. ... പ്രവർത്തിക്കുന്നുയെന്നുമിവിടെ പറഞ്ഞുകൊള്ളുന്നു. നാമും നമ്മുടെ കൊച്ചുമെത്രാച്ചനും കൂടി പരുമല നിന്നും ഇന്നലെ ഇവിടെ എത്തി താമസിക്കുന്നു. പരുമല സിമ്മനാരി കൊടുത്ത ചിട്ടിക്കേസിൽ കമ്മീഷനു പാതിമൊഴി കൊടുത്തിരിക്കുന്നതിന്റെ ... നാം ഇവിടെ എത്തി താമസിക്കുന്നതു. ... കത്തങ്ങൾ സുഖമായിരിക്കുന്നു. എന്നു 1099 മകരം 17-നു കുണ്ടറ സിമ്മനാരിയിൽ നിന്നും. എഴുത്തിൽ ... ആവശ്യപ്പെട്ടപ്രകാരമുള്ള ... കൾ വേറൊരു കടലാസിൽ എഴുതി അത് ഇതിൽ അടക്കം ചെയ്തിട്ടുണ്ട്. ...

വിശ്വാസ പഠനം



തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 13

ഡോ. തോമസ് മാർ അത്താനാസിയോസ്

പഴയനിയമത്തിലെ ധർമ്മവിചാരം അവിടെ വെളിപ്പെടുന്ന ദൈവത്തിലാണ് പ്രകടമാകുന്നത്. ഇസ്രായേലിന്റെ ജീവിതവും നടപടികളും നിയന്ത്രിക്കുന്ന ന്യായപ്രമാണത്തിലും അതിന്റെയടിസ്ഥാനത്തിൽ ജനത്തിന്റെ പ്രവൃത്തിയെ വിമർശിക്കുകയും അവരെ തിരുത്തുകയും മുന്നറിയിപ്പു നൽകുകയും ചെയ്യുന്ന പ്രവചനങ്ങളിലും ധാർമ്മികസത്യങ്ങൾ വെളിപ്പെടുത്തുന്ന വിജ്ഞാനഗ്രന്ഥങ്ങളിലും അതു പ്രതിഫലിക്കുന്നു. അതുകൊണ്ട് പഴയനിയമ നീതിവിചാരവും അവയുടെ മാനദണ്ഡങ്ങളും അവയ്ക്കാധാരമായ ദൈവ പ്രകൃത - സ്വഭാവങ്ങളും വ്യക്തമാക്കുവാൻ മേൽപ്പറഞ്ഞ രേഖകളുടെ പഠനം ആവശ്യമായി വരുന്നു.

പഴയനിയമത്തിലെ ദൈവം സ്വയംവിശേഷിപ്പിക്കുന്നതും ദൈവത്തെ ജനം വിളിക്കുന്നതും നീതിമാനായദൈവം (righteous God) എന്നാണ്. പഴയനിയമ കാല - ദേശ - പരിസരങ്ങളിൽ നിലനിന്നിരുന്ന ഇതര മതങ്ങളിലെ ദൈവസങ്കല്പത്തിൽ നീതിബോധം എന്ന സവിശേഷത ഉണ്ടായിരുന്നില്ല. എന്നാൽ ഇസ്രായേലിന്റെ ദൈവം സ്വയംവെളിപ്പെടുന്നത് നീതിയുടെദൈവമായിട്ടാണ്. പഴയനിയമത്തിലെ നിയമപുസ്തകങ്ങൾ, പ്രവചനങ്ങൾ, സങ്കീർത്തനങ്ങൾ, വിജ്ഞാനഗ്രന്ഥങ്ങൾ എന്നിവയിലെല്ലാം ദൈവം ഈ പേരിൽ അറിയപ്പെടുന്നു (പുറ. 9:27; 2 ദിനവൃത്താന്തം 12:6; 6:25; ആവ. 40:8; സങ്കീ. 34:19; യിരമ്യ 23:33; സങ്കീ. 119:127; 103:6, 17; 129:4. നീതിയും ന്യായവുമാണ് നിന്റെ സിംഹാസനത്തിന്റെ അടിത്തറ. സങ്കീ. 89:14). ഈ ദൈവികനീതിയാണ് ദൈവജനത്തിൽ പ്രതിഫലിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതും. അതുകൊണ്ട് ദൈവം ജനത്തിനു നൽകുന്ന പ്രമാണങ്ങൾ ധാർമ്മിക സ്വഭാവമുള്ളതാണ്. ദൈവജനത്തിന്റെ ധാർമ്മികത എന്നത് അവിടെ പ്രകടമാകുന്ന ദൈവസ്വഭാവമാണ്.

പഴയനിയമത്തിന്റെ ആദ്യ ഗ്രീക്കുപരിഭാഷയായ സെപ്ത്വജന്റിൽ നീതി എന്ന പദം സൂചിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത് dikaiosune എന്ന വാക്കാണ്. ഇംഗ്ലീഷിൽ righteounsess / justice എന്ന പദങ്ങൾ അർത്ഥവ്യത്യാസം കൂടാതെ പ്രയോഗിക്കുന്നു. മലയാളത്തിൽ നീതി, ന്യായം എന്നീ വാക്കുകൾ അതിനു തത്തുല്യമാണ്. എന്നാൽ എബ്രായ വേദപുസ്തകത്തിൽ അർത്ഥവ്യത്യാസങ്ങളോടെ നാലു പദങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവ സംബന്ധിച്ച പഠനമാണ് നീതിവിചാരനിർവ്വചനത്തിന് അടിസ്ഥാനം എന്നു പറയാം.

ദൈവത്തെ വിശേഷിപ്പിക്കുന്നതിന് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു പദം zedekah എന്നാണ്. യാഹ്വേസാദിക് (യഹോവ നീതിമാൻ) എന്നാണ് ദൈവത്തെ പറയുന്നത്. ഈ വിശേഷണപദപ്രയോഗം 300-ൽ അധികം പ്രാവശ്യമാണ് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ ദൈവികനീതിയുടെ സവിശേഷത, ഉള്ളടക്കം എന്നിവ നിർവ്വചിച്ചാലേ ഇസ്രായേലിലെ ധാർമ്മിക വിചാരം എന്തെന്നു വ്യക്തമാക്കാനാവൂ. അതുകൊണ്ട് ഈ ദൈവികനീതിയുടെ പ്രത്യേകത എന്ത് എന്ന അന്വേഷണം ആരംഭിക്കാം.

Zedekah എന്ന പദത്തിന്റെ പ്രാഥമിക അർത്ഥം നിസ്സഹായന് ആവശ്യമായ സഹായം എത്തിക്കുക, ഉദാരമായി നൽകുക എന്നതാണ്. അതായത് ഇത് ആവശ്യക്കാരനോടുള്ള സമീപനത്തിന്റെ കാര്യമാണ്. വീഴ്ച സംഭവിക്കുമ്പോഴും ജനത്തെ കൈവിടാതെ കരുതുന്ന ദൈവസ്വഭാവമാണിവിടെ സൂചന. എന്നാൽ അതോടൊപ്പം അടിപ്പെട്ട് നിസ്സഹായനായിത്തീർന്ന മനുഷ്യനെ അടിമത്തത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാൻ പ്രാപ്തനാക്കുക എന്ന ഒരു തുടർസൂചന കൂടി ഈ പദത്തിനുണ്ട്. അതു തന്നെയാണ് ക്രിസ്തുവിൽ വെളിപ്പെട്ട നീതി. ഭരണസംവിധാനത്തിൽ സംഭവിക്കുന്ന അനീതികൊണ്ടും മനുഷ്യന്റെ വീഴ്ച കൊണ്ടും അടിമത്തവിധേയനായ മനുഷ്യനെ വിമോചിപ്പിക്കുന്നതാണ്



ദൈവനീതി. അതുകൊണ്ട് നീതിയും സ്നേഹവും തമ്മിൽ സംഘർഷമില്ല. അതായത് ഇവിടെ പ്രകടമാകുന്നത് വിമോചനപ്രേരകമായ, വീണ്ടെടുക്കുന്ന ദൈവനീതിയാണ്. ഇസ്രായേൽജനവുമായി ദൈവം ഉണ്ടാക്കിയ ഉടമ്പടി (Berith / Covenant) യാണ് ഇതിന് അടിസ്ഥാനം. മനുഷ്യന്റെ ദുർബലാവസ്ഥ ദൈവം മനസ്സിലാക്കി അവരുടെ വീഴ്ചകൾ വിസ്മരിച്ച് കനിവ്, വിശ്വസ്തത എന്നിവ പുലർത്തി അവരെ തന്നോടു ചേർത്തുനിർത്തുന്ന ദൈവസ്വഭാവമാണ് നീതി. ഇത് ദൈവത്തിന്റെ അനുകമ്പ (compassion) മാത്രമല്ല, പ്രത്യുത ആവശ്യത്തിൽ കഴിയുന്ന വ്യക്തിയെ അഭിമാനത്തോടെ (with dignity) ദൈവികവാഗ്ദത്തപ്രകാരം ഉൾക്കൊള്ളുന്നു എന്നതു കൂടിയാണ്. അതാണ് ഇതിന്റെ സവിശേഷത. ദൈവികസമീപനത്തിൽ കാണുന്ന ക്രിയയും കൂടിയാണ് നീതി. അതുകൊണ്ടാണ് ഇതിനെ നീതീകരിക്കൽ (justification) എന്ന പദപ്രയോഗം പൗലോസ് അപ്പോസ്തലൻ മനുഷ്യരക്ഷയെപ്പറ്റി പറയുമ്പോൾ ഉപയോഗിക്കുന്നത്. മനുഷ്യന്റെ അനീതി ദൈവത്തിന്റെ നീതിയുമായി നേർക്കുനേർ വച്ചിരിക്കുകയാണ്. ആ നീതിയാണ് സങ്കീർത്തനം 51:1-2 ൽ പ്രതിപാദിക്കുന്നത്. ഇതിൽ അനീതിക്കുപയോഗിച്ചിരിക്കുന്നത് ലംഘനം (transgression), അപരാധം (iniquity), പാപം (sin) എന്നീ വ്യത്യസ്ത പദങ്ങളാണ്. ഇങ്ങനെയുള്ള മനുഷ്യസമൂഹത്തെ വീണ്ടെടുക്കുന്ന ദൈവികമനോഭാവമാണ് നീതി. മനുഷ്യൻ നിയമം ലംഘിക്കുകയോ തിരസ്കരിക്കുകയോ വക്രിക്കുകയോ അതിൽ കുറവുള്ളവനായി കാണപ്പെടുകയോ ചെയ്യുമ്പോൾ അനുതാപം (Shub) വഴി അവരെ വീണ്ടെടുക്കുന്നതാണ് ദൈവനീതി.

ഈ നീതിയെ വിശദീകരിക്കുവാനാണ് ഇതിന്റെ വിശേഷണമായി ചില പദങ്ങൾ പഴയനിയമത്തിൽ നാം കണ്ടെത്തുന്നത്. അതിൽ ഒന്ന് chesed എന്ന പദമാണ്. ഇത് ഇംഗ്ലീഷിൽ സാധാരണ Steadfast love എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത് (സങ്കീ. 63:3; 118:1-4; 136:1-26; വിലാപം 3:22). മലയാളത്തിൽ അചഞ്ചലസ്നേഹം, നിലനിൽക്കുന്ന സ്നേഹം എന്നെല്ലാമാണ് തർജ്ജമ. മനുഷ്യനുമായുള്ള വാഗ്ദത്ത നിവൃത്തിക്കായി ദൈവം മനുഷ്യനോടു കാണിക്കുന്ന സ്നേഹനിർഭരമായ അലിവാണ് (loving kindness) ഇത്. മനുഷ്യന്റെ വീഴ്ച, പ്രതിസന്ധി, അടിമത്തം എന്നിവയിൽ ദൈവത്തിന്റെ നിലനിൽക്കുന്ന കരുണാമനോഭാവം ആണിത്. അബ്രഹാമിനോടും ദാവീദിനോടുമെല്ലാം ദൈവം സ്വന്തം

നിലയിൽ ചെയ്ത ഉടമ്പടി മാനിച്ചുകൊണ്ടുള്ള സ്നേഹപ്രതികരണം (ആവ. അധ്യ. 18). ദൈവിക രോഷം / ക്രോധം വിസ്മരിക്കുന്ന സ്നേഹം (സങ്കീ. 23:6; 148:8; മീഖ 7:18). 238 വാക്യങ്ങളിലായി 246 പ്രാവശ്യം ഈ പദം പ്രയോഗിച്ചു കാണുന്നു. ദൈവികനീതിയുടെ സ്വഭാവം വെളിപ്പെടുന്ന വിശേഷണമാണിത്. നീതി (Zedekah) എന്ന പദത്തോടൊപ്പം തന്നെ ചിലയിടങ്ങളിൽ കൃപ (hanoon), കരുണ (rahoom) എന്നീ പദങ്ങൾ അതിനെ വിശദീകരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു (സങ്കീ. 112:4; 116:5; 119:145–160).

അതുപോലെ മറ്റൊരു പദമാണ് 'ra'þhem' എന്ന പദം. വറ്റാത്ത കരുണ എന്നാണിതിന്റെ അർത്ഥം. ഇതും ദൈവികനീതിയുടെ സ്വഭാവം വ്യക്തമാക്കുന്നതാണ്. അതായത് സെദക്ക എന്ന നാമത്തിൽ പ്രകടമായ ദൈവികനീതിയുടെ സ്വഭാവം ധ്വനിപ്പിക്കുന്നതാണ് ഹെസെഡ്, റഹേം എന്നീ പദങ്ങൾ. സമൂഹത്തിൽ നിലനിൽക്കേണ്ട നീതിസങ്കല്പത്തെയും ദൈവനീതിയെയും പ്രതിഫലിപ്പിക്കുന്നതാണ് അവ. അവിടെ അരങ്ങേറുന്ന ക്രമരാഹിത്യം, ചൂഷണം, അനൈക്യം, സംഘർഷം എന്നിവയെല്ലാം മാറ്റിയെടുത്ത് ക്രമീകൃത സമൂഹമാക്കുകയാണ് നീതിയുടെ ലക്ഷ്യം. ഉല്പത്തി പുസ്തകത്തിൽ ദൈവത്തിന്റെ ആത്മാവ് ക്രമരഹിതമായ പിണ്ഡത്തിൽ പരിവർത്തിച്ച് ക്രമനിബദ്ധമാക്കുകയാണ് (ഉല്പ. 1:2). ഈ ദൈവികനീതിയാണ് ജനത്തിന്റെ നീതിയുടെ ആധാരവും മാനദണ്ഡവും. കാരണം മനുഷ്യനീതി നിർവ്വചിക്കുന്നത് ദൈവവും ദൈവികനീതിയുമാണ്. ദൈവനീതിയാണ് മനുഷ്യനീതിയുടെ അടിസ്ഥാനം (പുറ. 9:27; ഉല്പ. 12:6; ആവ. 4:8).

ദൈവനീതിപ്രകാരം ലോകത്തിൽ നടക്കുന്ന നീതിയെ സൂചിപ്പിക്കുന്ന പദം മിഷ്പാത് (Mishpat) എന്നതാണ്. ഇവിടെ നീതി എന്നത് ഓരോന്നും ഓരോ വ്യക്തിയും മറ്റുള്ളവയുമായുള്ള ബന്ധത്തിൽ ശരിയായ സ്ഥലത്തും ബന്ധത്തിലും കഴിയുക / നിലനിൽക്കുക എന്നതാണ്. അനീതി എന്നുള്ളത് സ്ഥലം / ബന്ധം തെറ്റിക്കഴിയുക എന്നതുമാണ്. അതുകൊണ്ട് സൃഷ്ടിയിൽ നടക്കുന്ന അനീതി, ചൂഷണം, പാപം, അരാജകത്വം എന്നിവ മാറി ബന്ധങ്ങളിൽ ക്രമവും അനുരഞ്ജനവും സ്ഥാപിക്കുകയാണ് നീതിസ്ഥാപനം. നിങ്ങൾ നീതിയെ കയ്പുള്ളതാക്കുന്നു. ന്യായത്തെ നിലത്തു വലിച്ചെറിയുന്നു (ആമോ 5:7). നിങ്ങൾ ദരിദ്രനെ ചവിട്ടിമെതിക്കുകയും അവനിൽ നിന്ന് ഞെക്കിപ്പിഴിഞ്ഞ് ധാന്യം പിടിച്ചെടുക്കുകയും ചെയ്യുന്നു (5:11). ഇതിനു മാറ്റം ഉണ്ടാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നീതിമാനായ ദൈവം സമൂഹത്തിൽ സംഭവിക്കണം എന്ന് ഇച്ഛിക്കുന്നത് ഇവിടെ വ്യക്തമാക്കുകയാണ്. ദൈവം ആഗ്രഹിക്കുന്ന നീതിയുടെ സ്വഭാവമാണ് ഇവിടെ ദർശിക്കുന്നത്. "Mishpat is a divine action with creation that contineously drives all creative things to form, uphold and returned to created order (De Yong, p. 23). ഇവിടെ നീതി എന്നത് ഒരു സദ്ഗുണം അല്ല. ഇടങ്ങൾ നീതിപരമാക്കുന്ന ഒരു പ്രവൃത്തിയാണ് (act). നിയമഗ്രന്ഥങ്ങളിൽ പ്രകടമായതും പ്രവചനങ്ങളിൽ പ്രതിധ്വനിക്കുന്നതും ഈ നീതിസങ്കല്പമാണ്. ഇവിടെ കണ്ണുമൂടിക്കെട്ടിയ നിയമപാലകന്റെ അപൗരുഷ (impersonal) നീതിനിർവ്വഹണമല്ല. സമൂഹത്തിൽ അരികുവത്കരിക്കപ്പെട്ടവരുടെ വീണ്ടെടുപ്പാണ് പ്രമേയം. അന്തസ്സും അഭിമാനവും സൗഹൃദവും വീണ്ടെടുത്ത് സമൂഹത്തിൽ ഭിന്നതയും വേർതിരിവും അവസാനിപ്പിച്ച് ഓരോ വ്യക്തിക്കും മനുഷ്യാന്തസ്സോടെ കഴിയുവാൻ ജീവിതബന്ധങ്ങൾ നീതിപരമാക്കുന്നതാണ് നീതി. അതായത് ദുർബലന്റെ അവകാശസ്ഥാപനത്തിലൂടെ സമൂഹത്തിൽ നീതിപൂർവ്വമായ അനുരഞ്ജനം പുനഃസ്ഥാപിക്കപ്പെടുന്ന നീതിപാലനം (സദൃശ്യവാക്യ. 31:8–9; സങ്കീ. 33:5). ഇവിടെ നടക്കുന്നത് ദൈവത്തിന്റെ ഭരണമാണ്. വ്യക്തിയും സമൂഹവും ഇതിൻപ്രകാരം ജീവിക്കുമ്പോൾ ദൈവികനീതി ലോകത്തിൽ സ്ഥാപിക്കപ്പെടുകയും ദൈവത്തിന്റെ നീതിസ്ഥാപനപദ്ധതിയിൽ പങ്കുചേരുകയുമാണ്. അതുവഴി നീതിപൂർവ്വമായ ക്രമത്തിന്റെ വീണ്ടെടുപ്പു നടക്കുന്നു. This is restorative justice. Restoration of Just relation or correct order and harmony in creation. ജൂബിലിവർഷം സംഭവിക്കുന്ന സാമ്പത്തികനിരപ്പാകൽ ഈ നീതിയുടെ വ്യക്തമായ ഉദാഹരണമാണ് (ലേവ്യ 25:8–13). സകലതും അതിന്റെ ശരിയായ സ്ഥലത്തും ക്രമത്തിലും പരസ്പരബന്ധത്തിലും എത്തിക്കുകയാണ് മിഷ്പാത്ത് (Mishpat) കൊണ്ടുദ്ദേശിക്കുന്നത്. മിഷ്പാത്ത് എന്നത് വ്യക്തികൾ / സമൂഹങ്ങൾ തമ്മിൽ നിലനിൽക്കേണ്ട നീതി എന്നതുപോലെ ധനവാനും ദരിദ്രനും അധികാരിയും വിധേയനും തമ്മിലുള്ള നീതിപരമായ ബന്ധമാണ് (മീഖ 6:8). Do Justice, love, kindness and walk humbly with your Lord. കൂടാതെ മീഖാ 3:1–2 ൽ അധികാരികളും ദുർബലവിഭാഗവും തമ്മിലുള്ള ബന്ധം ഇവിടെ ഈ പദം വഴി വ്യക്തമാക്കുന്നു. ക്രമം/ബന്ധം തെറ്റുന്നത് എവിടെയാണെങ്കിലും അത് അനീതിയാണ്. ന്യായപ്രമാണങ്ങൾ ഈ ക്രമംതെറ്റുന്നതു തടയുകയും തെറ്റിയതു തിരുത്തി പുനഃക്രമീകരിച്ച് അതിനെ പഴയ നിലയിലാക്കുകയുമാണ്. നീതി എന്നാൽ to rectify the injustices and restore the state of justice. ചുരുക്കിപ്പറഞ്ഞാൽ അനീതി മൂലം ക്രമംതെറ്റി ശിഥിലമായിപ്പോയ ജീവിതബന്ധങ്ങൾ സാമ്പത്തികധ്രുവീകരണവും സാമൂഹ്യ അകൽച്ചയും തകർച്ചയും ഉണ്ടാകാതെ തടയുന്ന നിയമങ്ങൾ വഴിയും അവ ഉണ്ടായാൽ അവയെ തിരുത്തി നീതി പുനഃസ്ഥാപിക്കുകയും ആണ് മിഷ്പാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് സെക്കുലർ ആയ നിയമവ്യവസ്ഥ വഴിയുള്ള നിയമസ്ഥാപനമല്ല. ദൈവഭരണത്തിലുള്ള നിരപ്പും ധർമ്മവാഴ്ചയും ആണ് ഇവിടെ നടക്കുന്നത്. ഇവിടെ സ്ഥാപിക്കപ്പെടുന്ന നീതി ധനികന്റെ അവകാശസംരക്ഷണമല്ല മറിച്ച് നിർധനനും വിധവയ്ക്കും അഭയാർത്ഥിക്കും നീതിപൂർവ്വം സമൂഹത്തിൽ അഭിമാനത്തോടെ ജീവിക്കുവാൻ സ്ഥാനം സൃഷ്ടിക്കുകയാണ്. Governing the community in such a way without conflict , discrimination , alienation and distruction. ദൈവനീതിയോട് സാമൂഹികജീവിതം ഉറപ്പിക്കുമ്പോൾ അതു നീതിസമൂഹമായി ഭവിക്കുകയാണ്.

നീതിയെ കുറിക്കുന്ന മറ്റൊരു പദം 'ദീൻ' എന്നതാണ് (സങ്കീ. 7:9; 11:7). ഇതിന് right judgement to individual by Judicial ruling എന്നാണ് അർത്ഥം. രണ്ടു കൂട്ടർ തർക്കവുമായി എത്തുമ്പോൾ തർക്കവിഷയത്തിൽ ന്യായപ്രമാണപ്രകാരം നീതിയായ വിധി നൽകി പ്രശ്നം അവസാനിപ്പിക്കുകയും അനുരഞ്ജനം സാദ്ധ്യമാക്കുകയും ആണ്. ഇവിടെ വിചാരണയ്ക്കാധാരം എന്നത് ന്യായപ്രമാണവും അതിന്റെ അടിസ്ഥാനത്തിലുള്ള യുക്തിഭദ്രമായ നിഗമനങ്ങളും ആണ്. മിഷ്പാത്തിന് സാമൂഹ്യതലമാണ് ഉള്ളതെങ്കിൽ 'ദീൻ' വ്യക്തിപരമായ നീതിനിർവ്വഹണമാണ്. നീതിനടപ്പാക്കലിലൂടെ നഷ്ടപരിഹാരമോ ശിക്ഷയോ നൽകി ബന്ധപുനഃസ്ഥാപനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതായത് ദൈവം മനുഷ്യനോടു പ്രകടിപ്പിക്കുന്ന സ്നേഹം, കരുണ എന്നിവ മനുഷ്യർ തമ്മിലും സൃഷ്ടിച്ച് സമൂഹത്തെ നിരപ്പിലും ക്രമത്തിലും എല്ലാവർക്കും ഇടംനൽകി അനുരഞ്ജനത്തിൽ കഴിയുവാൻ സാഹചര്യം ഒരുക്കലാണ് നീതി എന്നത്. ന്യായപ്രമാണത്തിൽ നീതിപാലനത്തിനായി നിയന്ത്രണങ്ങൾ വയ്ക്കുമ്പോഴും അവയ്ക്കുപരിയായി സമൂഹത്തിൽ പാലിക്കപ്പെടേണ്ട ദൈവനീതിയും അതുവഴിയായുള്ള അനുരഞ്ജനവും ആണ് പഴയനിയമത്തിലെ ദൈവസങ്കല്പവും ന്യായപ്രമാണവും വ്യക്തമാക്കുന്നത്.

'യാസാർ' എന്ന മറ്റൊരു പദവും ദൈവികധാർമ്മികതയുടെ സ്വഭാവം വെളിപ്പെടുത്തുന്നതിന് പഴയനിയമത്തിൽ ഉപയോഗിക്കുന്നുണ്ട്. ലംബ (vetical) മായത് (ഉല്പ 37:7; പുറ. 36:20) തിരശ്ചീന (horrizontal) മായത് (യെശ. 26:7) നേരേ (straight) യുള്ളത് (യെശ. 40:3) തുല്യ വിതരണം (evenly distributed) നടന്നത് (1 രാജാ 6:35) എന്നിവയാണ് ഈ പദത്തിന്റെ ആക്ഷരികാർത്ഥം. മാറ്റമില്ലാത്തത്, വിശ്വസനീയം, ഋജുവായത് എന്നീ അർത്ഥത്തിൽ ദൈവികധാർമ്മികതയെ വിശേഷിപ്പിക്കുന്ന വാക്കാണിത് (സങ്കീ. 25:8; ആവ 3:24). ദൈവത്തിന്റെ ഈ ധാർമ്മികസ്വഭാവം ഇസ്രായേൽജനം തങ്ങളുടെ ദൈവബന്ധത്തിൽ തിരിച്ചറിഞ്ഞ കാര്യമാണ് (സങ്കീ. 11:7; 25:8; 33:4). ദൈവത്തിന്റെ പ്രവൃത്തിയും ഇടപെടലുംപോലെ വചനവും നേരുള്ളതാണ് (ഹോശ. 14:9, 6). ദൈവികപ്രമാണങ്ങളുടെ സ്വഭാവവും ഇതു തന്നെ (1 രാജാ. 3:6; 4:9:2 രാജാ. 22:2). കാപട്യവും വക്രതയും ഇല്ലാത്ത നേരും വിശ്വസ്തതയും ഉള്ളതാണ് ദൈവസ്വഭാവം, ഇടപെടൽ, ദൈവപ്രമാണങ്ങൾ എന്നിവ എന്നു സൂചന. ഈ എബ്രായപദത്തെ 'pright' എന്നാണ് ഇംഗ്ലീഷിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഇത് പ്രവാചകന്മാരുടെയും ദൈവജനത്തിന്റെയും സ്വഭാവമെന്ന് വേദസാക്ഷ്യം (യെശ 26:7; 40:3–4; യിര. 3:19; ഇയ്യോബ് 1:1, 1:8; സദൃശ്യ 3:3, 20; 21:8; 28:10; നെഹ. 3:9; സങ്കീ. 25:8; ഹോശ. 14:9). 'സെദക്ക്' എന്ന പദത്തോടു ചേർന്നാണ് ഈ പദം പ്രത്യക്ഷപ്പെടുന്നത്. മനസ്സിന്റെ നേര്, നടപടികളുടെ ആർജ്ജവം എന്നീ സൂചനകൾ ധാർമ്മികത എന്നതിന് അർത്ഥവ്യാപ്തിയും വൈപുല്യവും നൽകുന്നു. ഗ്രീക്ക് വേദപുസ്തക വിവർത്തനത്തിൽ പ്രീതികരം (arestos), നീതിപരം (dikaios), നേരുള്ളത് (enthus) എന്നിങ്ങനെ ഈ പദം തർജ്ജമ ചെയ്തിരിക്കുന്നു. പഴയനിയമ ധാർമ്മികതയ്ക്ക് ഈ പദം അർത്ഥപുഷ്ടി നൽകുന്നു എന്നത് വ്യക്തമാണ്.

എട്ടാം നൂറ്റാണ്ടിൽ സാമാന്യം സമൃദ്ധിയും രാജ്യാതിർത്തിയുടെ വ്യാപനവും നടന്ന കാലത്താണ് പ്രവാചകന്മാർ പ്രവചിക്കുന്നത്. ദരിദ്രൻ അവഗണിക്കപ്പെടുന്നതാണ് അതിനു കാരണം. ധനികനു ലഭിച്ച സമൃദ്ധിയും മതദേശീയ

ബോധവും ശക്തമായ വിമർശനത്തിനു വിധേയമാക്കുകയാണ്. നീതി പ്രവർത്തിക്കുന്നതാണ് ശരിയായ മതത്തിന്റെയും ദൈവാരാധനയുടെയും വേദശാസ്ത്രത്തിന്റെയും അടിസ്ഥാന മാനദണ്ഡമായി കാണുന്നത്. ജീവിതത്തിൽ നീതിയില്ല എങ്കിൽ അവിടെ മതവും ആരാധനയും വേദശാസ്ത്രവും എല്ലാം കാപട്യമാണ്. അതിനു പകരം നടക്കേണ്ടത് നീതി കുത്തി ഒഴുകുന്ന ജലം പോലെയും ന്യായം ഒഴുക്കു നിലയ്ക്കാത്ത അരുവി പോലെ പ്രവഹിക്കയും അത്രേ (ആമോസ് 5:24). ഇതാണ് സമൂഹത്തിൽ നടക്കേണ്ട ആദ്ധ്യാത്മികതയും മതജീവിതവും. ഇതു തന്നെയാണ് ന്യായപ്രമാണത്തിലെ ദർശനവും പ്രവചനഗ്രന്ഥങ്ങളിലെ പ്രമേയവും.

പഴയനിയമ നീതിചിന്തയുടെ ആധാരവും മാനദണ്ഡവും നിലവാരവും സ്വഭാവവും നിർണ്ണയിക്കുന്നത് ദൈവത്തിന്റെ പ്രകൃതവും അതു വെളിപ്പെടുത്തുന്ന ന്യായപ്രമാണവും അതിനെ ഉയർത്തിപ്പിടിക്കുന്ന ബി.സി. എട്ടാം നൂറ്റാണ്ടിലെ പ്രവാചകഗ്രന്ഥങ്ങളുമാണ്. സമ്പുഷ്ടമായ നീതിസങ്കല്പത്തെ വിശദീകരിക്കുന്നതിനാണ് സെദക്ക്, മിഷ്പാത്ത്, ദീൻ, യാസാർ എന്നീ പദങ്ങൾ. വളരെ അർത്ഥവത്തായ ഈ ധാർമ്മികവിചാരത്തെ സെക്കുലറൈസ് ചെയ്യുമ്പോൾ അതിന്റെ സമ്പുഷ്ടി (richness) നഷ്ടമാവുകയും തെറ്റിദ്ധാരണകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അതാണ് ഇപ്പോൾ നടക്കുന്നത്. യഥാർത്ഥത്തിൽ ഈ നീതിവിചാരത്തിന്റെ നിഷേധവും തിരുത്തും അല്ല പ്രത്യുത അതിന്റെ radicalization തന്നെയാണ് സുവിശേഷത്തിൽ നടക്കുന്നത് എന്നത് തുടർപഠനങ്ങളിൽ വ്യക്തമാകും.

എന്നാൽ ദൈവം ചില സാഹചര്യങ്ങളിൽ അനുവദിക്കുന്ന ശിക്ഷകൾ, സമൂഹനിഗ്രഹം എന്നിവയുടെ ധാർമ്മികത വിധിക്കുവാൻ നമുക്കാവില്ല. പഴയനിയമം പ്രതിനിധീകരിക്കുന്ന ധർമ്മശാസനം ധാർമ്മികാടിസ്ഥാനത്തിൽ ഉള്ളതാണ്. എന്നാൽ ദൈവം അനുവദിക്കുന്ന ശിക്ഷകൾ വിചാരണ ചെയ്യുന്നത് മനുഷ്യന്റെ കഴിവിനപ്പുറമാകുന്നു. പഴയനിയമത്തിൽ പാപത്തെ സാംക്രമിക സ്വഭാവമുള്ളതായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. സാംക്രമികരോഗികളെ രോഗംപടരാതെ പൊതുസമൂഹത്തിൽ നിന്നും ഒഴിവാക്കി ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് സമാനമായിട്ടായിരുന്നു സാമൂഹ്യനീതിയെ കളങ്കപ്പെടുത്തിയവരെയും അതു ചെയ്യുന്ന വ്യക്തികളെയും സമൂഹങ്ങളെയും ദൈവം നിർമ്മാർജ്ജനം ചെയ്യുന്നത്. ദൈവത്തിലും ദൈവികപ്രമാണങ്ങളിലും പ്രകടമാകുന്ന പഴയനിയമനീതിയാണ് മനുഷ്യ - സാമൂഹ്യ ബന്ധങ്ങളുടെ മാനദണ്ഡമായി കണക്കാക്കേണ്ടത്.

അതുപോലെ പഴയനിയമത്തിൽ വ്യക്തമാക്കുന്ന നീതി പ്രതികാരനീതിയല്ല. അത് എല്ലാവരെയും ഒരുപോലെ കാണുന്ന തുല്യനീതിയുമല്ല. അരികുവത്ക്കരിക്കപ്പെടുന്നവരെ വീണ്ടെടുക്കുന്ന, നഷ്ടപ്പെടുന്നവർക്ക് പരിഹാരം നൽകുന്ന, അടിപ്പെട്ടവരെ അന്തസ്സോടെ ജീവിക്കുവാൻ പ്രാപ്തരാക്കുന്ന, സ്നേഹവും ദയയും കരുതലും പ്രതിഫലിക്കുന്ന ക്രിസ്തുവിൽ വെളിപ്പെട്ട നീതിയാണ്. ഇത് കൃപ (grace) തന്നെയായി മനസ്സിലാക്കണം. ഈ നീതിയാണ് ആമോസും മറ്റു പ്രവാചകന്മാരും അവതരിപ്പിക്കുന്നത്. ഇതിനോടനുബന്ധമായി പുതിയനിയമത്തിന്റെ ധാർമ്മികവിചാരവും പഠിച്ചാലേ ഈ വിഷയം സംബന്ധിച്ച് വ്യക്തതയും അവ തമ്മിലുള്ള സാദൃശ്യവും വ്യക്തമാവുകയുള്ളൂ.

(തുടരും)



ഫാ. ജിനു തലവൂർ വരച്ച പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ഛായാചിത്രം ദേവലോകം അരമനയിൽ വെച്ച് ബാവായ്ക്ക് സമ്മാനിച്ചപ്പോൾ.



വാർദ്ധക്യത്തിന്റെ ക്ഷീണവസ്ഥയെ വകവയ്ക്കാതെ മാർത്തോമൻ പൈതൃക സംഗമത്തിൽ പങ്കെടുത്തു മലങ്കര മക്കളുടെ ശ്രദ്ധ ആകർഷിച്ച പള്ളിപ്പാട് പള്ളി ഇടവകാംഗം കളപ്പുരയിൽ അന്നമ്മ മൈക്കിളിനെ എബ്രഹാം മാർ എപ്പിഫാനിയോസ്, ഗീവർഗീസ് മാർ ബർണബാസ് എന്നീ പിതാക്കന്മാർ ആദരിച്ചു.



ചെറുവക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ പാതിനോമ്പ് ശുശ്രൂഷയും ഓഫീസ് മന്ദിര കൂദാശയും നടത്തപ്പെട്ടു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.



കലാലയങ്ങളിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം മണർകാട് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രതിഷേധജ്വാല സംഘടിപ്പിച്ചു. ഗ്രൂപ്പ് പ്രസിഡന്റ് ഫാ. കുര്യൻ കുര്യാക്കോസ് ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു. യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന സെക്രട്ടറി ദീപു സെൽബി, മണർകാട് ഗ്രൂപ്പ് ഓർഗനൈസർ മിഥുൻ ചെറിയാൻ എന്നിവർ സംസാരിച്ചു.

ലേഖനം

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ സ്വാതന്ത്ര്യ ദർശനം - 2

ഡീക്കൻ മാമ്മൻ ജോസഫ് പുതുശ്ശേരി

1934-ലെ ഭരണഘടനയുടെ രൂപീകരണത്തിനും ചർച്ചയ്ക്കും ആവശ്യമായ സമിതികളുടെ രൂപീകരണത്തിനും വിവിധങ്ങളായ അഭിപ്രായങ്ങൾക്കും വിമർശനങ്ങൾക്കും വേദി സൃഷ്ടിക്കുന്നതിനുമുള്ള വിശാല കാഴ്ചപ്പാടാണ് പരി. വട്ടശ്ശേരിൽ തിരുമേനി പുലർത്തിയത്. ഭരണഘടനാ ചർച്ചയിൽ ഏകപക്ഷ നിലപാടുകൾക്ക് അദ്ദേഹം തയ്യാറായില്ല എന്നതാണ് 1934-ലെ ഭരണഘടനയിൽ പരി. വട്ടശ്ശേരിൽ തിരുമേനിയുടെ മഹത്വം. മലങ്കരസഭയ്ക്ക് ഒരു ഭരണഘടന തയ്യാറാക്കുകയും നഷ്ടപ്പെട്ടുപോയ ആത്മീയ സ്വാതന്ത്ര്യം വീണ്ടെടുക്കുകയും ചെയ്തു കൊണ്ട് സഭയുടെ വികസനത്തിന്റെ രാജപാത ഒരുക്കിയതാണ് വട്ടശ്ശേരിൽ തിരുമേനിയുടെ അവിസ്മരണീയ നേട്ടമെന്ന് മണലിൽ യാക്കോബ് കത്തനാർ സ്മരിക്കുന്നു.

ഭാരതത്തിന് ഒരു ഭരണഘടനയുണ്ടാകുന്നതിന് മുമ്പ് തന്നെ മലങ്കര സഭയ്ക്ക് ഒരു ഭരണഘടനയുണ്ടായി എന്നത് ഈ പുണ്യപിതാവിന്റെ സഭയുടെ ഭരണക്രമത്തെക്കുറിച്ചുള്ള ദീർഘവീക്ഷണവും ദർശനവുമാണ്. 2017 ജൂലൈ 3-ലെ സുപ്രീകോടതി വിധിയിൽ മലങ്കരയിലെ എല്ലാ പള്ളികളും 1934-ലെ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണം എന്ന വിധിതീർപ്പുണ്ടാകുമ്പോൾ കാലത്തിന് മുമ്പേ സഞ്ചരിച്ച ആ പുണ്യ പിതാവിന്റെ ദർശനങ്ങളും ക്രാന്തദർശിത്വവും ഇന്നും പ്രസക്തമായി നിലകൊള്ളുന്നുവെന്നതിന്റെ പ്രഖ്യാപനമാണ്.

3.3 വ്യവഹാരരഹിത സഭ

പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ ദർശനത്തിന്റെ കാതൽ സഭാ സമാധാനം ആയിരുന്നു. അത് ഒരു തരത്തിലും തട്ടിക്കൂട്ട് സമാധാനം ആയിരുന്നില്ല. സത്യത്തിലും തത്വത്തിലും അധിഷ്ഠിതമായ സഭാസമാധാനം ആഗ്രഹിച്ച മഹത് വ്യക്തിയായിരുന്നു വട്ടശ്ശേരിൽ തിരുമേനി എന്നാണ് ഫാ. ഡോ. വി. സി സമുവേലിന്റെ സാക്ഷ്യം[7]. മാർ അബ്ദുള്ളാ പാത്രിയർക്കിസ് 1911 ഇടവം 11 ന് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതിൽ പ്രതിക്ഷേധിച്ച് 1910 ചിങ്ങം 22-ന് എം. ഡി. സെമിനാരിയിൽ നടന്ന മലങ്കര അസോസിയേഷനിൽ നടത്തിയ ഹൃദയസ്പർശിയായ പ്രസംഗത്തിൽ

''ദൈവം തരുന്ന സകല കഷ്ടപ്പാടുകളെയും സഹിപ്പാൻ ഞാൻ തയ്യാറാണ്. തെണ്ടി നടക്കുന്നതിനും റമ്പാനെപ്പോലെ ജീവിക്കുന്നതിനും ഞാൻ സന്നദ്ധനാണ്. സമാധാനത്തിന് നല്ല വഴി ഇതാണെന്ന് ദൈവാത്മാവിൽ നിങ്ങൾക്ക് തോന്നുന്ന പക്ഷം അതുപോലെ ചെയ്‌വാൻ ഞാനിതാ എന്നെത്തന്നെ നിങ്ങൾക്കു വിട്ടുതന്നിരിക്കുന്നു.'' [8]

ബാവാകക്ഷിയെന്നും മെത്രാൻകക്ഷിയെന്നും അറിയുമ്പോൾ തന്നെയും എതിർകക്ഷി ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമാണെന്ന് തിരുമേനി ഉറച്ച് വിശ്വസിച്ചു. സഭയിൽ നടമാടിയ വ്യവഹാരങ്ങൾ സഭയുടെ ഭാവിയെ കാര്യമായിതന്നെ ബാധിക്കും എന്നുള്ള ബോധ്യമാണ് തിരുമേനിയെ നയിച്ചത്. അതിനാൽ സഭയിൽ ശാശ്വതമായ സമാധാനം ഉണ്ടാകണമെന്ന് തിരുമേനി ആഗ്രഹിച്ചു. 1924 ഏപ്രിൽ 25-ന് കോട്ടയം ഏലിയാ ചാപ്പലിൽവച്ച് വി. കുർബ്ബാന മദ്ധ്യേ തിരുമേനി നടത്തിയ പ്രസംഗം വ്യവഹാരരഹിത സഭയെക്കുറിച്ചുള്ള തിരുമേനിയുടെ കാഴ്ചപ്പാടുകൾ അനാവരണം ചെയ്യുന്നു. അതിലെ പ്രസക്ത ഭാഗങ്ങൾ ഇപ്രകാരമാണ്.

“നമ്മുടെ സഭയിൽ കഴിഞ്ഞ 14 സംവത്സരങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുഴപ്പത്തിൽ നിന്ന് ഒരു സമാധാനം ഉണ്ടായിക്കാണ്മാൻ സഭയുടെ മക്കൾ കണ്ണുനീരോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്. 'എന്നാൽ എങ്ങനെയെങ്കിലും സമാധാനം ഉണ്ടാകട്ടെ' എന്ന് വിചാരിക്കുന്നവരെങ്കിൽ അത് ശരിയായ സമാധനത്തിനുള്ള മാർഗ്ഗമല്ല. സത്യത്തെയും നീതിയെയും അടിസ്ഥാനപ്പെടുത്തിയാണ് സമാധാനം ഉണ്ടാകേണ്ടത്. വിശ്വാസത്തിന് ഭംഗം



വരുത്തി സമാധാനം ഉണ്ടാകണം എന്നാരും വിചാരിച്ചുകൂടാത്തതാകുന്നു. .... ഇതുകൊണ്ടൊക്കെതന്നെ പ്രിയരെ സമാധാനത്തിനുള്ള മാർഗ്ഗം നാം കാണുന്നില്ല. എന്നാൽ ദൈവത്തിന് കഴിയാത്തത് ഒന്നും ഇല്ലല്ലോ! ദൈവം തന്നെ സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിത്തരട്ടെ. അതിനായിട്ട് നിങ്ങൾ കണ്ണുനീരോടു കൂടി പ്രാർത്ഥിപ്പിൻ!”[9]

സഭയിൽ തർക്കം മൂർച്ഛിക്കുമ്പോഴും സമാധാനത്തിന്റെ പുതുരശ്മികൾ പുലരണമെന്ന് തിരുമേനി ആഗ്രഹിച്ചു. കൊല്ലം 1099-ാം ആണ്ട് (1924) മകര മാസം 9-ാം തീയതി പരുമല സെമിനാരിയിൽ നിന്ന് എഴുതിയ കല്പനയിൽ, സഭയിൽ സമാധാനം സ്ഥാപിക്കുന്നതിന് വേണ്ടി അന്ത്യോഖ്യൻ പാത്രിയർക്കിസിന്റെ അടുക്കലേക്ക് യാത്ര ചെയ്ത വട്ടശ്ശേരിൽ തിരുമേനി, അവിടെ നടന്ന സമാധാന ശ്രമങ്ങളെക്കുറിച്ച് വിശദീകരിക്കുമ്പോൾ, ശാശ്വതസമാധാനത്തിനായുള്ള തിരുമേനിയുടെ നിലയ്ക്കാത്ത ദാഹം പ്രകടമാണ്.

പ. വട്ടശ്ശേരിൽ തിരുമേനി സഭാ സമാധാനത്തെക്കുറിച്ച് ധീരമായ നിലപാടെടുത്തത് 1913-14 കാലഘട്ടത്തിലാണ്. സഭയിൽ സമാധാനം ഉണ്ടായെങ്കിൽ മാത്രമേ മീൻ കഴിക്കൂ എന്ന പ്രതിജ്ഞ വളരെ പ്രസിദ്ധമാണ്. കോട്ടയം പഴയ സെമിനാരി പറമ്പിലെ ഒരു കുളത്തിൽ സമാധാനത്തോടെ കഴിഞ്ഞ രണ്ട് കരിമീനിൽ ഒന്നിനെ പിടിച്ച് കറി വെച്ച് നൽകിയപ്പോൾ, പരി. വട്ടശ്ശേരിൽ തിരുമേനി അക്കാലത്തെ സഭാ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ മീൻഭക്ഷണം പരിത്യജിച്ച് സഭയിൽ സമാധാനം ഉണ്ടാകാതെ മേലിൽ മത്സ്യം കഴിക്കുകയില്ല എന്ന പ്രതിജ്ഞ ചെയ്ത വിവരം മണലിൽ യാക്കോബ് കത്തനാർ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. [10]

വ്യവഹാരത്തിന്റെ അതിസങ്കീർണ്ണമായ നൂലാമാലകളിൽ അകപ്പെടുത്തി വട്ടശ്ശേരിൽ തിരുമേനിയുടെ കർമ്മശേഷിയെ വ്യർത്ഥമാക്കിയ കൂട്ടുട്രസ്റ്റികളായ കോനാട്ട് മാത്തൻ മല്പാനോടും സി.ജെ. കുര്യനോടും പിന്നീടും തിരുമേനിക്കുണ്ടായിരുന്ന വാത്സല്യവും *"സമാധാനത്തെ സംബന്ധിച്ച് തമ്മിൽ കണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുള്ളതിനാൽ ഇന്നു തന്നെ കൊച്ചൂഞ്ഞ് (സി.ജെ. കുര്യൻ) ഇത്രടം വന്നു പോകണമെന്ന് നാം ആഗ്രഹിക്കുന്നു"* എന്ന ക്ഷണവും രണ്ട് ഘട്ടങ്ങളിലായി വട്ടശ്ശേരിൽ തിരുമേനി അയച്ച കത്തുകളിൽ നിന്ന് വ്യക്തമാണ്.

മണലിലച്ചൻ തിരുമേനിയുടെ ഈ സ്വഭാവവൈശിഷ്ട്യത്തെ സ്മരിക്കുന്നത് ഇപ്രകാരമാണ്.

"1927 ജനുവരിയിൽ കോനാട്ട് മല്പാൻ പരുമലയിൽ എത്തിയപ്പോൾ അദ്ദേഹവും വട്ടശ്ശേരിൽ തിരുമേനിയും തമ്മിൽ ദീർഘനേരം സ്വകാര്യസംഭാഷണം നടത്തി. അന്നത്തെ സമാധാന ആലോചന കഴിഞ്ഞ് എല്ലാവരും പിരിഞ്ഞപ്പോൾ വട്ടശ്ശേരിൽ തിരുമേനി യാക്കോബ് ശെമ്മാശനോട് പറഞ്ഞു. ഞാനും മല്പാനച്ചനും സെമിനാരിയിൽ ഒന്നിച്ചു പഠിച്ചുകൊണ്ടിരിക്കുമ്പോൾ വലിയ സ്നേഹിതരായിരുന്നു. പിന്നീട് ഞാൻ മെത്രാനായപ്പോൾ ട്രസ്റ്റി എന്ന നിലയിൽ സ്നേഹിതരല്ലാതെ ശത്രുക്കളായി. ആ കാര്യങ്ങൾ ഞങ്ങൾ തമ്മിൽ സംസാരിച്ചു. പഴയ സ്നേഹത്തിലായി. എല്ലാം തമ്മിൽ സംസാരിച്ച് തീർന്നു. സന്തോഷമായി." [11]

തർക്കങ്ങൾക്കിടയിലും സത്യത്തിലും നീതിയിലും അടിസ്ഥാനപ്പെടുത്തി സമാധാനം നിലനിൽക്കണമെന്ന് തിരുമേനി ആഗ്രഹിച്ചു. തന്റെ അന്ത്യകൽപ്പനയിൽ തിരുമേനി ഇപ്രകാരം രേഖപ്പെടുത്തുന്നു. *"നമ്മുടെ അസ്ഥികൾ നമ്മുടെ പിതാക്കൻമാരുടെ അസ്ഥികളോടുകൂടി ചേർന്നശേഷവും നമ്മുടെ എളിയ സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറന്ന് പ്രവർത്തിക്കുവാനുള്ള സൽബുദ്ധി നിങ്ങളിൽ നിലനിൽക്കണമെന്നുള്ള നമ്മുടെ ബലഹീന പ്രാർത്ഥന എപ്പോഴും ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്നതാണെന്ന് നിങ്ങൾ വിശ്വസിച്ചുകൊള്ളണം. ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാസവുമെങ്കിലും നമ്മുടെ സഭയിൽ നിന്ന് പിരിഞ്ഞുപോയിട്ടുള്ള സഹോദരസമുദായങ്ങളുമായി യോജിപ്പുണ്ടാക്കണമെന്ന് നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയ ആഗ്രഹം സഫലീഭവിപ്പിക്കാനായി സർവ്വപ്രകാരേണ പരിശ്രമിക്കണമെന്നുള്ളതും നമ്മുടെ അവസാനശ്വാസത്തോടുംകൂടി നിങ്ങളെ നാം ഭരമേൽപ്പിക്കുന്ന ഒരു ചുമതലയും ഭാരവുമായി നിങ്ങൾ സ്വീകരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു".* [12]

വ്യവഹാരരഹിത സഭയിൽ ശാശ്വതസമാധാനം എന്നത് തിരുമേനിയുടെ പ്രാർത്ഥനയും ദർശനവുമായിരുന്നു.

3.4 സഭാസ്വാതന്ത്ര്യമെന്നാൽ ആരാധനാ സ്വാതന്ത്ര്യമാണ്

സഭാസ്വാതന്ത്ര്യമെന്നാൽ ആരാധനാ സ്വാതന്ത്ര്യമാണ് എന്ന് തിരുമേനി ഉറച്ചു വിശ്വസിച്ചു. ആയതിനാൽ ആരാധനയിൽ സജീവമായ ജനപങ്കാളിത്തമുണ്ടാകണമെന്നത് വട്ടശ്ശേരിൽ തിരുമേനിയുടെ സഭാദർശനമായിരുന്നു. അതിനാൽതന്നെ തിരുമേനി മല്പാനായിരുന്ന വൈദികവിദ്യാഭ്യാസത്തിന്റെ സിംഹഭാഗവും നിർവ്വഹിച്ചിരുന്നത് സുറിയാനി ഭാഷാ പഠനത്തിന് വേണ്ടിയായിരുന്നു. പ്രതിദിന കാനോന പ്രാർത്ഥനകളും കൂദാശാക്രമങ്ങളും സുറിയാനിയിൽ ഉപയോഗിക്കേണ്ടിവന്നു. ആരാധനാ മദ്ധ്യേയുള്ള ഏവൻഗേലിയോൻ വായനകളും സുറിയാനി പുസ്തകം നോക്കി വായിക്കണമായിരുന്നു. കുർബ്ബാനക്രമത്തിൽ ശുശ്രൂഷകർക്ക് ചൊല്ലുവാനുള്ള തുബ്ദേനുകളും ജനങ്ങളുടെ പ്രതിവാക്യങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ചില നമസ്ക്കാരങ്ങളും പുലിക്കോട്ടിൽ തിരുമേനി പ്രസിദ്ധീകരിച്ചത് ഒഴിച്ചാൽ മറ്റെല്ലാ ക്രമങ്ങളും സുറിയാനിയിൽ തന്നെ ഉപയോഗിക്കേണ്ടിവന്നു. നോമ്പിലെയും കഷ്ടാനുഭവ ആഴ്ചയിലേയും നമസ്കാരങ്ങളുടെ മലയാള വിവർത്തനം പുലിക്കോട്ടിൽ തിരുമേനി നടത്തിയിരുന്നെങ്കിലും അവ ഭവനങ്ങളിൽ ഉപയോഗിക്കുവാനല്ലാതെ ദേവാലയങ്ങളിൽ ഉപയോഗിക്കുവാൻ സാധിച്ചിരുന്നില്ല. സുറിയാനി ഭാഷയിലുള്ള പരിജ്ഞാനം കൂടാതെ കാനോൻ, വിശ്വാസവ്യാഖ്യാനങ്ങൾ തുടങ്ങിയവ ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും വൈദികർ സുറിയാനി ഭാഷയിൽ മികവ് പുലർത്തുന്നതിൽ പരാജയപ്പെട്ടു. തങ്ങൾക്ക് നടത്തുവാനുള്ള ആരാധനകൾ മാത്രം, വളരെ ക്ലേശപ്പെട്ട് പഠിപ്പ് നേടിയ മിനിമം സുറിയാനി ഭാഷാ ജ്ഞാനം കൊണ്ട് വൈദികർ തൃപ്തിപ്പെട്ടു. വൈദികർ, പൂജാരികൾ മാത്രമാണെന്ന് ആക്ഷേപമുയർന്നു. വിശ്വാസികൾ ആരാധയിൽ നിന്ന് അകലുന്നതിന് ഇത് ഇടയാക്കി.

അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വിശ്വാസികളെ ആരാധനയിലേക്ക് കൂടുതൽ അടുപ്പിക്കുന്നത് വട്ടശ്ശേരിൽ തിരുമേനി നടത്തിയ കാൽവയ്പ്പുകളിൽ ഒന്നായിരുന്നു **സുറിയാനി ഒന്നാം പാഠ പുസ്തകം.** ഗുരുമുഖത്തുനിന്ന് കേൾക്കുന്നതിനപ്പുറം സുറിയാനി ഭാഷയുടെ ആഴത്തിലേക്ക് വൈദികവിദ്യാർത്ഥികൾക്ക് സഞ്ചരിക്കുവാൻ കഴിയുന്ന ഒന്നായിരുന്നു ഒന്നാം പാഠപുസ്തകം. സുറിയാനി ഭാഷ അക്ഷരമാല പരിചയപ്പെടുന്നതിൽ നിന്നാരംഭിച്ച് പദങ്ങൾ പരിചയിപ്പിച്ചും വ്യാകരണനിയമങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും അദ്ധ്വാനപൂർവ്വം പഠിക്കുന്നവരെ സഹായിച്ചു. ആരാധനക്രമങ്ങളുടെ സുറിയാനിയിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തനത്തിനും അതുവഴി വർദ്ധിച്ച ജനപങ്കാളിത്തത്തിനും തിരുമേനിയുടെ കാൽവയ്പ്പ് ഇടയാക്കി.

1903–ൽ തിരുമേനി പ്രസിദ്ധപ്പെടുത്തിയ **കുർബ്ബാനക്രമ പരിഭാഷയാണ്** തിരുമേനിയുടെ പ്രതിഭാവിലാസം തെളിയിക്കുന്ന മറ്റൊരു സംഭാവന. പുലിക്കോട്ടിൽ തിരുമേനി തർജ്ജിമ ചെയ്ത കുർബ്ബാന ക്രമം മലങ്കരയിൽ പ്രചാരത്തിലുണ്ടായിരുന്നു. അതിൽ വിവിധ നമസ്ക്കാരക്രമങ്ങൾ, കുമ്പസാരക്രമം, അനുതാപത്തിന്റെ അപേക്ഷകൾ, ജനങ്ങൾ ചൊല്ലേണ്ടുന്ന പ്രതിവാക്യങ്ങൾ, ശുശ്രൂഷകർ ചൊല്ലേണ്ടുന്ന തുബ്ദേനുകൾ എന്നിവയെല്ലാം വിവർത്തനം ചെയ്തു ഉൾപ്പെടുത്തിയിരുന്നു.

അതേകാലത്ത് തന്നെ പാലക്കുന്നത്ത് വലിയ മെത്രാച്ചൻ തർജ്ജിമ ചെയ്ത ഗദ്യകുർബാനക്രമവും യുയാക്കിം മാർ കൂറിലോസ് പ്രചരിപ്പിച്ച ശീമയിലെ കുർബ്ബാന ക്രമവും ഉപയോഗത്തിൽ വന്നു. മറ്റ് പല കൈയ്യെഴുത്ത് പകർപ്പുകളും പ്രചരിച്ചിരുന്നു. എന്നാൽ ഇവയിലെല്ലാം മുമ്പ് പ്രചരിച്ചതിൽ നിന്ന് വ്യത്യസ്തമായ പ്രാർത്ഥനകളും തർജ്ജിമകളും ആയിരുന്നു. മലങ്കരസഭ ഏകമായിരുന്നെങ്കിലും പല പള്ളികളും അവരവർക്കഭിമതമായ കുർബ്ബാനക്രമമാണ് ഉപയോഗിച്ച് വന്നത്. ഈ വൈവിധ്യങ്ങൾക്കുള്ള ശാശ്വത പരിഹാരമെന്നേവം തിരുമേനി നടത്തിയ ഉദ്യമമാണ് 1903–ലെ കുർബ്ബാനക്രമം. കോനാട്ട് മാത്തൻ മല്പാനുമായി ചേർന്നാണ് തിരുമേനി ഈ പ്രസിദ്ധീകരണം നടത്തിയത്.

<u>പ്രത്യേകതകൾ</u>

(i) നല്ല ഭാഷ

(ii) നാം ഇന്ന് ഉപയോഗിക്കുന്നതും യുയാക്കിം മാർ കുറിലോസ് പരിചയപ്പെടുത്തിയതുമായ തുബ്ദേനുകൾ സ്വീകരിച്ചു.

(iii) ശുശ്രൂഷകർ ചൊല്ലേണ്ടുന്ന എല്ലാ ആഹ്വാനങ്ങളും വിവർത്തനം ചെയ്തു.

(iv) ഗാനങ്ങൾ സുറിയാനി വൃത്തത്തിലും ഈണത്തിലും മലയാള ഗാനങ്ങളായി പ്രത്യക്ഷപ്പെട്ടു.

(v) കൃംതാ നമസ്ക്കാരങ്ങളിൽ ഒരു സെറ്റ് ഏഴു യാമങ്ങളിലേതും മലയാളത്തിൽ ലഭ്യമായി. ഇടക്കുള്ള സങ്കീർത്തനങ്ങൾ ഗദ്യമായി ചേർക്കപ്പെട്ടു.

കുർബാന ഏകീകൃതമാക്കുവാനും ആളുകളുടെ പങ്കാളിത്തം അർത്ഥപൂർണ്ണമായി ഉറപ്പുവരുത്തുവാനും ശുശ്രൂഷക്കാരുടെ ആഹ്വാനങ്ങളോടു അർത്ഥഗ്രഹണത്തോടെ പ്രതികരിക്കുവാനും ഈ ക്രമം കുറച്ചൊന്നുമല്ല സഹായിച്ചത്. തികച്ചും സഭാഭക്തനും സാഹിത്യ പ്രണയിയുമായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സഹായവും അദ്ദേഹം മുഖേന കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സഹായവും തിരുമേനി അഭ്യർത്ഥിച്ചത് ആരാധനയിലെ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ബോദ്ധ്യവും ദർശനവുമാണ് പ്രകടമാക്കുന്നത്.

3.5 സഭാസ്വാതന്ത്ര്യത്തിന്റെ പ്രകടഭാവമാണ് സത്യവിശ്വാസ ബോദ്ധ്യമുള്ള വിശ്വാസ സമൂഹം

സഭാസ്വാതന്ത്ര്യത്തിന്റെ പ്രകടവും ശ്രേഷ്ഠവുമായ ഭാവമാണ് സത്യവിശ്വാസ ബോദ്ധ്യമുള്ള വിശ്വാസ സമൂഹമെന്ന് തിരുമേനി ഉറച്ച് വിശ്വസിച്ചു. സത്യവിശ്വാസവും സത്യാരാധനയും കൂടാതെ സഭയ്ക്ക് നിലനിൽപ്പില്ല. സത്യവിശ്വാസമെന്താണെന്ന് നിഖ്യാ–കുസ്തന്തിനാപോലീസ് സുന്നഹദോസിലൂടെ സഭ വ്യക്തമാക്കി. കാലം പുരോഗമിച്ചപ്പോൾ വിശ്വാസപ്രമാണത്തിൽ അടിസ്ഥാനപ്പെടുത്തി ആരാധനാക്രമങ്ങൾ, കൂദാശകൾ, ദൈവമാതാവിലും വിശുദ്ധൻമാരിലുമുള്ള മദ്ധ്യസ്ഥത, വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന

തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാകേണ്ടതായി വന്നു. എന്നാൽ പല കാരണങ്ങളാൽ വിശ്വാസസത്യങ്ങൾ ആരാധനയിലുണ്ടെങ്കിലും അത് വ്യക്തമായി എഴുതിയുണ്ടാക്കി വിശ്വാസികളെ പഠിപ്പിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ മലങ്കരയിൽ ഉണ്ടായിരുന്നില്ല. മലയാള ഭാഷ തന്നെ കാര്യമായി വികസിച്ചിരുന്നില്ല. പുരാതനമായ മലങ്കര സഭയ്ക്ക് അതിന്റെ വിശ്വാസം എന്തെന്ന് സഭാമക്കളെ പഠിപ്പിക്കുവാൻ ആധികാരിക ഗ്രന്ഥങ്ങൾ ഇല്ലായിരുന്നു. ഈ വലിയ പോരായ്മയാണ് വട്ടശ്ശേരിൽ തിരുമേനി നികത്തിയത്.

മതോപദേശസാരങ്ങൾ

സഭയുടെ സത്യവിശ്വാസം പഠിപ്പിക്കുന്നതിൽ 'മതോപദേശസാരങ്ങൾ' എന്ന പുസ്തകത്തിലൂടെ തിരുമേനി നൽകുന്ന സംഭാവനകൾ ചെറുതൊന്നുമല്ല. ഒരു പക്ഷേ വ്യക്തമായ വിശ്വാസധാരണ വിശ്വാസികൾക്കുണ്ടായിരുന്നെങ്കിൽ കത്തോലിക്ക-നവീകരണ വിശ്വാസത്തോട് മലങ്കരയിലെ പൂർവ്വികർക്ക് ആഭിമുഖ്യം വരികയില്ലായിരുന്നു. പഴയ സെമിനാരിയിൽ അദ്ധ്യാപകനായിരുന്ന തിരുമേനി വിദ്യാർത്ഥികളെ പഠിപ്പിച്ചു കുറിപ്പുകൾ വികസിപ്പിച്ചെടുത്താണ് മതോപദേശസാരങ്ങൾ എന്ന പുസ്തകം രചിക്കുന്നത്. വേദപുസ്തകം, ആരാധാക്രമങ്ങൾ, കാനോൻ, സൽഗാ എന്നീ ഗ്രന്ഥങ്ങളിലെ പഠങ്ങളാണ് നിർവചനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും മിക്കവാറും ഉപയോഗിച്ചിട്ടുള്ളത്.

നവീകരണക്കാരുടെ ആശയപരമായ പ്രചരണങ്ങളെ എതിർക്കുന്നതിനുള്ള മുഖ്യ ഉത്തരവാദിത്വം വട്ടശ്ശേരിൽ തിരുമേനിക്കായിരുന്നു. സത്യവിശ്വാസം ആദ്യം മനസ്സിലാക്കാതെയിരുന്നാൽ, മറ്റുള്ളവർ ആദ്യം പഠിപ്പിക്കുന്നത് സത്യമെന്ന് വിചാരിച്ച് അതിലേക്ക് തിരിയുമെന്നും അങ്ങനെ വരാതിരിക്കാനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥത്തിലൂടെ നടക്കുന്നതെന്നും ആമുഖത്തിൽതന്നെ തിരുമേനി പ്രസ്താവിച്ചിട്ടുണ്ട്.

"ഒരു മതത്തിൽ ഉൾപ്പെട്ട ഏവനും ആ മതത്തിലെ വിശ്വാസരീതി മുതലായ പഠിച്ചിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. മലയാളത്തിലുള്ള സുറിയാനി സത്യവിശ്വാസി സഭയിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ വിശ്വാസരീതി മുതലായ വായിച്ചറിയുന്നതിന് തക്കതായ പുസ്തകങ്ങൾ മൂലഭാഷയിൽ വളരെ ദുർലഭമാകയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ച് പഠിക്കുകയും അങ്ങനെ ആദ്യമെ അവർക്ക് കിട്ടുന്ന അറിവ് സത്യമുള്ളതെന്ന ഉറപ്പുകൊണ്ട് അനേകർ ഈ വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്തുകാണുന്നത് അനുഭവസിദ്ധവും ആണല്ലോ. ഈ കുറവിനെ പൂർണ്ണമായി പരിഹരിക്കുവാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദസത്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളെയും മതാചാരസാരങ്ങളെയും കുറിച്ച് ഏവർക്കും ഒരു സാധാരണ അറിവ് കൊടുത്ത് സത്യവിശ്വാസത്തിൽ ഉറപ്പിക്കുവാൻ തക്കവണ്ണം അത് ഉപകരിക്കാതിരിക്കയില്ലെന്ന് വിശ്വസിക്കുന്നു". [13]

ഓരോ വിഷയത്തിനും 'സംഗതി' എന്ന തലക്കെട്ടാണ് നൽകിയിരിക്കുന്നത്. ത്രിത്വം, മാമോദിസ, വി. കുർബാന, കുമ്പസാരം, മൂറോൻ, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം തുടങ്ങി കൂദാശകളെക്കുറിച്ച് വ്യക്തമായ നിർവചനവും അറിവും നൽകുന്നു. ഞായറാഴ്ച ആചരണം, മാറാനായ പെരുന്നാളുകളുടെ പ്രാധാന്യം, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയുടെ ആവശ്യകത, ദൈവമാതാവ്, വിശുദ്ധന്മാർ എന്നിവരുടെ മദ്ധ്യസ്ഥത, വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥന തുടങ്ങി സഭയുടെ അടിസ്ഥാന വിശ്വാസങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്ന പുസ്തകം ഇതിനോട് സമമായ മറ്റൊന്ന് ഉണ്ടായിട്ടില്ല.

സത്യവിശ്വാസബോധ്യം സഭാമക്കളിൽ ഉണ്ടാകണമെന്നുള്ള തിരുമേനിയുടെ സഭാദർശനമാണ് ഇത് വെളിവാക്കുന്നത്.

അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷയിൽ ഗീവറുഗീസ് ദ്വിതീയൻ ബാവ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു.

"അദ്ദേഹത്തിന്റെ കബറടക്കം ഇന്ന് നടക്കുന്നത് അത്ഭുതകരമായിരിക്കുന്നു. വലിയ നോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്ന് ഭൂലോകമല്പനായ മാർ അപ്രേമിന്റെ ഓർമ്മദിവസമാണ്. ഇന്ന് മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു." [14]

3.6 സഭാസ്വാതന്ത്ര്യമെന്നാൽ സ്ത്രീസ്വാതന്ത്ര്യമാണ്

സ്ത്രീകളെ അടിമകളായി കണ്ടിരുന്ന കാലത്ത് സഭാസ്വാതന്ത്ര്യമെന്നാൽ സ്ത്രീസ്വാതന്ത്ര്യവുമാണെന്ന് തിരുമേനി വിശ്വസിച്ചു. മലങ്കര സഭയിലെ സ്ത്രീകളുടെ സംഘടനാശേഷിക്കും വേദവിജ്ഞാനീയത്തിനുമായി മർത്ത മറിയം സമാജവും സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസത്തിനായി തിരുവല്ലയ്ക്കടുത്ത് തിരുമൂലപുരത്ത് പെൺപള്ളിക്കൂടവും അഥവാ ബാലികാമഠം സ്കൂളും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരി. വട്ടശ്ശേരിൽ തിരുമേനി നിർണ്ണായക പങ്കാളിത്തം വഹിച്ചു. പരുമലയിൽ 1873 സെപ്റ്റംബർ 8-ന് നടന്ന പള്ളിയോഗത്തിന്റെ പത്താമത് നിശ്ചയത്തിൽ ആൺപൈതങ്ങൾക്കും പെൺപൈതങ്ങൾക്കും പഠിക്കുന്നതിന് പഠിത്തവീടുകൾ എല്ലാ ഇടവകകളിലും കാലക്രമം കൊണ്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നു. പരുമല യോഗ നിശ്ചയത്തിന്റെ പ്രായോഗിക നടപടി ക്രമങ്ങൾ പിന്നീട് പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്താ സ്വയം ഏറ്റെടുത്ത് സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ വളർത്തി.

പരുമല തിരുമേനിയുടെ ശിഷ്യഗണത്തിലെ പ്രധാനികളായ പ. വട്ടശ്ശേരിൽ തിരുമേനിയും ഗീവറുഗീസ് ദ്വിതീയൻ ബാവായും സ്ത്രീകളുടെ ശുശ്രൂഷയും സേവനവും നേതൃത്വവും വളരെ കൃത്യമായി വിഭാവനം ചെയ്തു.

പ. വട്ടശ്ശേരിൽ തിരുമേനി സഭയുടെ നേതൃ നിരയിലേക്ക് സ്ത്രീകളെ നയിക്കുന്നതിന് പ്രാധാന്യം നൽകി. സഭാ ഭരണഘടന നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടന്ന കൂട്ടത്തിൽ 1920-ൽ സഭാ ഭരണഘടനയുടെ കരട് ബില്ലിൽ സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ വോട്ടവകാശം നൽകുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച നടന്നു. 'ചുരുങ്ങിയപക്ഷം സ്ത്രീകൾക്ക് കമ്മിറ്റി മെമ്പറൻമാരെ തിരഞ്ഞെടുക്കുന്ന യോഗങ്ങളിൽ വോട്ടവകാശം എങ്കിലും തൽക്കാലം അനുവദിക്കേണ്ടതാണ്' എന്ന പൈലി മത്തായിയുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. മലങ്കരയുടെ സ്ത്രീകൾക്കായി ദൈവമാതാവിന്റെ നാമത്തിൽ മർത്തമറിയം സമാജം ആരംഭിക്കുവാൻ പരി. വട്ടശ്ശേരിൽ തിരുമേനി 1928-ൽ നേതൃത്വം നൽകി.[15]

പ. വട്ടശ്ശേരിൽ തിരുമേനി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും നേതൃത്വം നൽകി. തിരുവല്ല തിരുമൂലപുരത്ത് 1904-ൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള ആരംഭിച്ച ബാലികാമഠം ഗേൾസ് ഹൈസ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് 1922-ൽ കല്പന പുറപ്പെടുവിച്ചിട്ടുണ്ട്.

"സ്ത്രീജനങ്ങൾക്ക് ദൈവഭക്തിയും പഠിപ്പും ഇല്ലാത്തതായ സമുദായം ഒരു കാലത്തും ഐശ്വര്യം പ്രാപിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ള സമുദായത്തിൽ മഹാമനസ്ക ന്മാരും വിദ്വാന്മാരും വിശുദ്ധന്മാരുമായ ആളുകൾ തുലോം ചുരുങ്ങിയിരിക്കും. നമ്മുടെ സമുദായം സ്ത്രീ വിദ്യാഭ്യാസ വിഷയത്തിൽ തുലോം പിന്നോക്കമാണ് ..... ഈ കുറവിനെ പരിഹരിക്കാത്ത കാലത്തോളം നമ്മുടെ സമുദായത്തിന് ഐശ്വരാഭിവൃദ്ധി ഉണ്ടാകുന്നത് പ്രയാസമായിരിക്കും." [16]

പ. വട്ടശ്ശേരിൽ തിരുമേനി സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് എഴുതിയ 1922-ലെ 1049-ാം നമ്പർ കല്പനയിലെ പ്രധാന സ്ത്രീപക്ഷ ദർശനങ്ങൾ താഴെ പറയുന്നവയാണ്.

1. സമുദായത്തിലെ ഐശ്വര്യം അതിലെ സ്ത്രീജനങ്ങളെയും ആശ്രയിച്ചിരിക്കുന്നു.
2. സ്ത്രീജനങ്ങൾ ദൈവഭക്തിയുള്ളവരും പഠിപ്പുള്ളവരും ആയിരിക്കുന്ന കുടുംബങ്ങളിലും സമുദായങ്ങളിലും ദൈവത്തിന്റെ വിശുദ്ധർ ജനിച്ചു വളരും.
3. ലോകത്ത് പ്രാപ്തരും പ്രബലരുമായ നേതാക്കൾ ഉണ്ടാകുന്നത് തങ്ങളുടെ മാതാപിതാക്കളുടെ സ്വാഭാവവിശേഷത്തിന്റെ ഫലമാണ്.
4. സ്ത്രീജനങ്ങൾക്ക് ദൈവഭക്തിയും പഠിപ്പും ഇല്ലാത്തതായ സമുദായം ഒരു കാലത്തും ഐശ്വര്യം പ്രാപിപ്പാൻ പ്രയാസമാണ്.
5. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാത്ത കാലത്തോളം സമുദായത്തിന് ഐശ്വര്യാഭിവൃദ്ധി ഉണ്ടാകുന്നത് പ്രയാസമായിരിക്കും.
6. കുഞ്ഞുങ്ങളെ സൽസ്വഭാവികളും ദൈവഭക്തരുമായി വളർത്തുന്നതിന് സ്ത്രീകൾക്ക് പ്രത്യേക പാടവവും വാസനാബലവും ഉണ്ട്.

7. സാധാരണയുള്ള സ്കൂളുകളിലും കോളേജുകളിലും ലഭിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം കൊണ്ട് നമ്മുടെ സ്ത്രീകൾ ഒരിക്കലും തൃപ്തരാകരുത്. അവർ ഉന്നതവിദ്യാഭ്യാസം നേടണം.

8. കുടുംബങ്ങളിൽ വേണ്ടപോലെ ശുചിത്വം പാലിക്കുക, കുടുംബ സംബന്ധമായ കാര്യങ്ങൾ കണിശമായും വൃത്തിയായും ദൈവീകമായും നടത്തുക. ഉത്തമരീതിയിൽ മക്കളെ വളർത്തുക എന്നിവ സ്ത്രീകൾ ശ്രദ്ധിക്കണം.

9. ഉത്തമഭാര്യമാരും വിശുദ്ധ മാതാപിതാക്കളുമായി കുടുംബത്തെ നയിക്കുവാൻ പഠിത്തവും പരിശീലനവും സമ്പാദിച്ച ബാലികമാരെയാണ് നമ്മുടെ സമുദായത്തിന് അത്യാവശ്യം.

10. നമ്മുടെ സ്ത്രീകളുടെ യഥാർത്ഥമായ ഉൽക്കർഷത്തിന് ഉതകത്തക്ക നിലയിൽ ബാലികാമഠം നടത്തുന്നതിന് വേണ്ട സഹായങ്ങൾ സമുദായം ചെയ്തുകൊടുക്കണം. [17]

ചുരുക്കത്തിൽ സഭാസ്വാതന്ത്ര്യമെന്നാൽ സ്ത്രീപക്ഷ സ്വാതന്ത്ര്യം കൂടിയാണെന്നാണ് വട്ടശ്ശേരിൽ തിരുമേനി അർത്ഥമാക്കുന്നത്. നവീകരണ പ്രസ്ഥാനക്കാരുടെ കടന്നുകയറ്റവും അന്ത്യോഖ്യൻ അധിനിവേശത്തിന്റെ വേലിയേറ്റവും അതിശക്തമായ കാലഘട്ടത്തിൽ ദൈവാശ്രയത്തോടും സാമൂഹിക കാഴ്ചപ്പാടോടും നവോത്ഥാന ദർശനങ്ങൾ ഉൾക്കൊള്ളിച്ച് അദ്ധ്യാത്മീക മുന്നേറ്റത്തിനായി തിരുമേനി അക്ഷീണം യത്നിച്ചു.

3.7 സഭാസ്വാതന്ത്ര്യത്തിലൂന്നിയ 'എക്യുമെനിക്കൽ ദർശനം'

'എക്യുമെനിസം' എന്ന പദം സർവസാധാരണമല്ലാത്ത ഒരു കാലഘട്ടത്തിൽ, തിരുമേനിയുടെ ആ നിലയിലുള്ള പ്രവർത്തനങ്ങളും ഏറെ ശ്രദ്ധേയമാണ്. തന്റെ തലമുറയിൽ സഭയിൽ നിന്ന് വിട്ടുപോകേണ്ടിവന്ന നവീകരണ വിഭാഗത്തിന് മാതൃസഭയിലേക്ക് മടങ്ങിവരുവാൻ തടസ്സങ്ങളൊന്നും സൃഷ്ടിച്ചുകൂടാ എന്ന് തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു.

സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ വ്യതിചലിക്കാതെ റോമൻ കത്തോലിക്ക, ആംഗ്ലിക്കൻ, നെസ്തോറിയൻ, നവീകരണ സഭകളുമായെല്ലാം തിരുമേനി സൗഹൃദം പുലർത്തി. ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ പുരോഹിതൻമാർ മലങ്കര സഭയിലെ വിവിധ ദേവാലയങ്ങളിൽ സുവിശേഷപ്രസംഗങ്ങൾ നടത്തി. *"ആംഗ്ലിക്കൻ സഭയിലെ ദേവാലയങ്ങളിൽ മലങ്കര സഭാമക്കൾക്കായി വട്ടശ്ശേരിൽ തിരുമേനി വി. കുർബാന അർപ്പിച്ചതായി വി.സി. സമുവേൽ അച്ചൻ 'Truth Trumphs 'എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു."*[18]

സ്പീച്ചിലി ബിഷപ്പ് ഇന്ത്യയിലെ പ്രവർത്തനം പൂർത്തിയാക്കി ഇംഗ്ലണ്ടിലേക്ക് മടങ്ങുന്നു എന്നറിഞ്ഞപ്പോൾ, അദ്ദേഹത്തെ കണ്ട് യാത്ര പറയാൻ മല്പാനച്ചനും പാമ്പാക്കുടയച്ചനും കൂടെ പള്ളത്ത് ബിഷപ് ഹൗസിൽ പോയി യാത്രാമംഗളം നേർന്നു.

"കാണാൻ പോയതു സായ്പു വേല ഒഴിഞ്ഞു ഇംഗ്ലണ്ടിന് പോകുവാനിരിക്കുന്നുയെന്നു അറികയാൽ അവസാനമല്ലെ ഒന്നു കണ്ടുകളയാമെന്നു കരുതിയും ചില സുറിയാനി പുസ്തകങ്ങളുടെ കാര്യം പറയുവാനായിട്ടുമത്രേ".[19] (ഡയറി പുറം 29).

എല്ലാവരെയും ആദരപൂർവ്വം സ്വീകരിക്കുന്നതിനുള്ള ഹൃദയവിശാലത അദ്ദേഹത്തിനുണ്ടായിരുന്നു. മിഷനറിമാരുമായി ഭിന്നതയും വ്യവഹാരവുമുണ്ടായി അധികകാലമാകുന്നതിനു മുമ്പാണ് മേൽപറഞ്ഞ സംഭവം. വസ്തുനിഷ്ഠവും ചരിത്രപരവുമായ നിലപാടുകളുടെ അടിസ്ഥാനത്തിൽ മറ്റ് സഭകളുമായി സഹകരിക്കുവാൻ തിരുമേനി എന്നുംതയ്യാറായിരുന്നു. എങ്കിലും സ്വതസിദ്ധമായ വിമർശനബുദ്ധിയോടെ എല്ലാം വിലയിരുത്തുകയും ചെയ്തിരുന്നു.

3.8 മരണ പത്രികയിലും സഭാ സ്വാതന്ത്ര്യ ദർശനങ്ങൾ

ഒരു ജീവിതത്തിന്റെ ബാക്കിപത്രമാണല്ലോ മരണപ്രത്രിക. എഴുതുന്നയാളിന്റെ ജീവിതത്തെ പ്രതിഫലിപ്പിക്കുവാൻ അതിന് കഴിയും. അദ്ദേഹത്തിന്റെ മുൻഗണനകൾ, താല്പര്യങ്ങൾ, ഭാവനകൾ, ദർശനങ്ങൾ തുടങ്ങിയവയെല്ലാം അവയിൽ ശ്രദ്ധേയമാണ്. തിരുമേനി എഴുതി വച്ച മരണപത്രികയിലെ ചില പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്.

(i) വൈദിക സെമിനാരി വ്യവഹാരത്തിൽപെട്ട് അവിടുത്തെ പഠനം മുടങ്ങിക്കിടക്കുന്നതിനാൽ കോട്ടയം ഏലിയാ ചാപ്പലിലെ ബംഗ്ലാവിൽ സെമിനാരി ആരംഭിക്കണം.

(ii) സി.എം.എസ്. കോളജിന് സമീപം കൊല്ലപ്പറമ്പിൽ കെ.എം. കുര്യൻ മാസ്റ്റർ നൽകിയ സ്ഥലത്ത് ഒരു സ്റ്റുഡന്റ് സെന്റർ (ഹോസ്റ്റൽ) സ്ഥാപിക്കണം.

(iii) തന്റെ സ്ഥാവരങ്ങളും ജംഗമങ്ങളുമായ എല്ലാ സ്വത്തുക്കളും കാതോലിക്കാ അദ്ധ്യക്ഷനായ സിനഡിന്റെ നിയന്ത്രണത്തിലായിരിക്കണം.

(iv) മേൽപട്ടക്കാരുടെ സാമ്പാദ്യങ്ങൾ മരണശേഷം എപ്പിസ്കോപ്പൽ ഫണ്ടായി മേൽപ്പട്ടക്കാരുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി മാറ്റിവയ്ക്കണം. അതിന് അസ്സോസിയേഷൻ ആലോചനയോടെ സിനഡ് നിയമം പാസ്സാക്കുകയാണെങ്കിൽ എന്റെ എല്ലാ സമ്പാദ്യങ്ങളും ആ ഫണ്ടിലേക്ക് ചേർത്തുകൊള്ളാം.[20]

ഇതിൽ നാലാമത്തേതൊഴിച്ച് മറ്റെല്ലാം നടപ്പായി. ജീവിതത്തിന്റെ അവസാന ശ്വാസംവരെയും സഭയെക്കുറിച്ച് വ്യക്തവും സ്പഷ്ടവുമായ ദർശനം തിരുമേനിക്കുണ്ടായിരുന്നു എന്നതിന്റെ പ്രത്യേക ഉദാഹരണമാണ് ഈ മരണപത്രിക.

തിരുമേനിയുടെ സഭാദർശനങ്ങളിൽ പ്രത്യേകം പരാമർശിക്കേണ്ടവ മാത്രമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. വട്ടശ്ശേരിൽ തിരുമേനിയുടെ സൂര്യസമാനമായ വ്യക്തിത്വത്തിന്റെ കതിരുകൾ എന്തൊക്കെയായിരുന്നുവെന്ന് മേൽപറഞ്ഞ ദർശനങ്ങൾ വിവരിച്ചുനൽകുന്നു. പ്രത്യുത അളന്നു തൂക്കി വാക്കുകളെ തേച്ചുമിനുക്കി സംവേദക്ഷമതയോടെ ആശയവികാരസംക്രമണം സാധിക്കുന്ന ഒരാളാണ് വട്ടശ്ശേരിൽ തിരുമേനി. ആ നിലയിൽ 'സ്വർണ്ണനാവുകാരൻ' എന്ന് വിശേഷിപ്പിക്കുവാൻ തിരുമേനി എന്തുകൊണ്ടും അർഹനാണ്.

3.9 ദേശീയതയിൽ ഊന്നിയ മലങ്കരസ്വാതന്ത്ര്യം

പ. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വാതന്ത്ര്യ ദർശനത്തിന്റെ വികാസ പരിണാമങ്ങൾ 19 ഉം 20 ഉം നൂറ്റാണ്ടിലെ സഭാചരിത്രത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ മലങ്കരയിൽ നവയുഗപ്പിറവിക്ക് വേദിയൊരുക്കിയ വട്ടശ്ശേരിൽ തിരുമേനി ആധുനിക മലങ്കര സഭയുടെ ശില്പ്പിയാണ്. സഭയുടെ ഉൾഭരണ സ്വാതന്ത്രം, സ്വയാശീർഷകത്വം, ദേശീയത, തദ്ദേശീയ ഭരണക്രമീകരണം, കാതോലിക്കേറ്റ്, ഭരണഘടന എന്നീ വിഷയങ്ങളിൽ സ്വതന്ത്രവും തദ്ദേശീയവുമായ സമീപനവും വളർത്തിയെടുത്തു. എല്ലാവിധ അധിനിവേശങ്ങളെയും പ്രതിരോധിക്കുവാൻ മുന്നിട്ടിറങ്ങിയ സഭാസ്വാതന്ത്ര്യ യോദ്ധാവായിരുന്നു പ. വട്ടശ്ശേരിൽ തിരുമേനി.

കാതോലിക്കേറ്റ് സ്ഥാപനം വഴി മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനേയും മലങ്കര മെത്രാപ്പൊലീത്തയെയും മെത്രാപ്പൊലീത്തന്മാരെയും തിരഞ്ഞെടുത്ത് വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും അവസരം ലഭ്യമായി. സ്വയംഭരണവും സ്വയംശീർഷകത്വവുമുള്ള സ്വതന്ത്ര ദേശീയ സഭയായി മലങ്കരസഭയെ ഭാരതത്തിൽ ഉറപ്പിക്കുന്നതിനും ജനാധിപത്യവും എപ്പിസ്ക്കോപ്പസിയും സമന്വയിപ്പിക്കുന്ന 1934-ലെ ഭരണഘടന തയ്യാറാക്കുന്നതിലും അദ്ദേഹം പുലർത്തിയ ജ്ഞാനദൃഷ്ടിയും ദൃഢനിശ്ചയവും ത്യാഗപൂർവ്വമായ ഇടയപരിപാലനവും അതിശ്രേഷ്ഠമാണ്. സ്വതന്ത്ര ദേശീയ സഭയെക്കുറിച്ചുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ദർശനം 1932-ൽ സ്വന്തം കൈകൊണ്ട് എഴുതി കേരള കേസരി പത്രത്തിൽ പ്രസിദ്ധീകരിച്ച ഭരണഘടനാ ഡ്രാഫ്റ്റിൽ കാണുന്നുണ്ട്.

മലങ്കരസഭയിൽ റോയൽ കോടതി വിധി മുതൽ 2017 ജൂലൈ 3-ലെ സുപ്രീം കോടതി വിധി വരെ എത്രയധികം വിധിന്യായങ്ങൾ ഉണ്ടായിട്ടുണ്ട്. മലങ്കര സഭയുടെ സ്വത്വവും ഉൾഭരണ സ്വാതന്ത്ര്യവും ദേശീയതയും സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയ നിയമപോരാട്ടം വിജയത്തിലെത്തിച്ചതിന്റെ അടിത്തറ പ. വട്ടശ്ശേരിൽ തിരുമേനി വളർത്തി ഉറപ്പിച്ച സ്വതന്ത്ര കാതോലിക്കേറ്റിന്റെ ഭരണക്രമങ്ങളും 1934-ലെ ഭരണഘടനയുമാണ്.

പ. വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനായി നടത്തിയ സഹന ജീവിതം സഭയോടുള്ള ആത്മാർഥ സ്നേഹത്തിന്റെയും ദൈവത്തിലുള്ള അകമഴിഞ്ഞ വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു എന്ന് ഫാ. ഡോ. വി. സി. സമുവേൽ സാക്ഷിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനി 1911 മുതൽ 1928 വരെ അനുഷ്ഠിച്ച ത്യാഗത്തിന്റെ മഹാ നേട്ടമാണ് 1928-ൽ ലഭ്യമായ വട്ടിപ്പണക്കേസിന്റെ വിജയം. ഇത് മലങ്കരയിൽ കാതോലിക്കാ സ്ഥാനം സ്ഥിരപ്പെടുത്തി മലങ്കരസഭയിൽ പാത്രിയർക്കീസിന്റെ സ്ഥാനം അസ്തമനബിന്ദു വിലെത്തിച്ചു. തിരുമേനിയുടെ മുടക്ക് അസാ

ധുവാക്കി. സഭയുടെ ആത്മീയ സ്വാതന്ത്ര്യം വീണ്ടെടുക്കാനാണ് കാതോലിക്കായെ വാഴിച്ചതെന്നും ആത്മീയ സ്വാതന്ത്ര്യവും ഭൗതിക സ്വാതന്ത്ര്യവുമുള്ള കാതോലിക്കേറ്റ് സ്ഥാപിച്ചതു വഴി മലങ്കരസഭ സർവ്വതന്ത്ര സ്വതന്ത്ര സഭയായി എന്നും അദ്ദേഹം വിവരിക്കുന്നു.

ഇതെല്ലാം ദേശീയതയിൽ ഊന്നിയ മലങ്കരസഭാ സ്വാതന്ത്ര്യ ദർശനത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

3.10 സുതാര്യതയും സത്യസന്ധതയും സഭാസ്വാതന്ത്ര്യ ദർശനത്തിലെ രണ്ട് ഘടകങ്ങൾ

ഗവൺമെന്റ് അംഗീകാരത്തോടെ മലങ്കര മെത്രാപ്പൊലീത്താ നടത്തിയ കോടതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിച്ചിരുന്നത് വട്ടശ്ശേരിൽ മല്പാനച്ചനാണ്. പണപരമായ ഇടപാടുകളിൽ അദ്ദേഹം കാണിച്ച സത്യസന്ധതയും നിസ്വാർത്ഥതയും ഉടമസ്ഥാബോധവും സുതാര്യതയും ഏവർക്കും അനുകരണീയമാണ്. തിരുമേനിയുടെ മരണപത്രം വായിച്ചാൽ ഇക്കാര്യം വ്യക്തമാകും. അദ്ദേഹത്തിന്റെ അധീനതയിൽ മെത്രാപ്പൊലീത്തൻ അക്കൗണ്ട് എന്ന ഔദ്യോഗിക സഭാ അക്കൗണ്ടും വ്യക്തിഗതമായ സമാന്തര അക്കൗണ്ടും എന്നിങ്ങനെ രണ്ട് കണക്കുകൾ ഉണ്ടായിരുന്നില്ല. തിരുമേനിയുടെ പ്രൈവറ്റ് സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ച ബഹു. മണലിലച്ചന്റെ സഭാസ്മരണകളിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കട്ടെ.

"മലങ്കര മെത്രാപ്പൊലീത്തയ്ക്ക് ഒരു കണക്ക് മാത്രമേയുണ്ടായിരുന്നുള്ളൂ. പള്ളികളിൽ നിന്നോ മറ്റുവിധത്തിലോ കിട്ടുന്ന കൈമണിം സമുദായ വരുമാനങ്ങളുമെല്ലാം ഒരു കണക്കുബുക്കിലാണ് എഴുതുന്നത്. മാസം തോറും കണക്കുകൾ വായിച്ചുകേൾക്കും. ആണ്ടവസാനം തെരട്ട് എഴുതികൊടുക്കണം. വട്ടശ്ശേരിൽ തിരുമേനിയുടെ എല്ലാ പ്രവൃത്തികളും സത്യസന്ധമായിരുന്നു. കാരണം, തിരുമേനി ചില തത്വങ്ങളിൽ അടിയുറച്ചു നിന്ന മഹാനായിരുന്നു."

താൻ വരിച്ചതും വഹിച്ചതുമായ ഭീമമായ ഉത്തരവാദിത്വങ്ങളിലെല്ലാം തിരുമേനി ആരോപണങ്ങൾക്കതീതമായി സുതാര്യത പുലർത്തിയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹായിയായി ജാത്യൈക്യസംഘം, മലങ്കര മഹാജനസഭ, വൈദികസംഘം, സണ്ടേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, പത്രമാസികകൾ മുതലായ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മലങ്കരയിലാകെ നിറഞ്ഞു നിന്നിരുന്ന തിരുമേനിയുടെ മാതൃക ഏറെ അനുകരണീയമാണ്.

4. ഉപസംഹാരം

"വ്യക്തി മാഹാത്മ്യത്തിന്റെ ഊഷ്മാവാണ് മഹാൻമാരോട് അടുക്കുമ്പോൾ നമുക്ക് അനുഭവമാകുന്നത്. അഗ്നിയോട് അടുക്കുമ്പോൾ അതിന്റെ ചൂട് അനുഭവപ്പെടുന്നപ്രകാരം മാഹൻമാരോട് സമീപിക്കുമ്പോൾ നമുക്കുണ്ടാകുന്നു. അതിനു മുമ്പ് അനുഭവിച്ചിട്ടില്ലാത്ത അനുഭവങ്ങൾ നമുക്കുണ്ടാകുന്നു. മലങ്കരസഭയുടെ ഏതൻകാലാവസ്ഥയിൽ അതിനെ നയിക്കുന്നതിന് ദൈവത്താൽ അയയ്ക്കപ്പെട്ട മഹാപുരുഷനായിരുന്നു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത. മഹാൻമാരുടെ മഹത്വം നമുക്ക് അനുഭവപ്പെടുന്നതിന് അവരെ അനുകരിക്കയത്രേ കരണീയമായിട്ടുള്ളത്. 'വട്ടശ്ശേരിൽ തിരുമേനിയെ സമീപിച്ചപ്പോഴെക്കെയും ഞാൻ പുതിയ ഒരു ജീവൻ പ്രാപിച്ചുകൊണ്ട് മാത്രമേ തിരിച്ചുപോന്നിട്ടുള്ളൂ' എന്ന് ഒരു മഹാൻ പറയുകയുണ്ടായി. അത് അദ്ദേഹത്തോട് അടുത്തിട്ടുള്ള പലരേയും സംബന്ധിച്ചുള്ള ഒരു പരമാർത്ഥം മാത്രമാണ്. താണതോ അശ്ലീലമായതോ ഒന്നും തന്നെ അദ്ദേഹത്തിന്റെ മുറിയുടെ വാതിൽക്കൽപോലും ചെല്ലുകയില്ല. വർഷങ്ങൾക്കു ശേഷം തിരശ്ശീല ഒന്നു മാറ്റി വലിയ തിരുമേനിയെ ഒരുനോക്കു കാണുവാൻ ആഗ്രഹിക്കുന്ന പലരും ഇവിടെ കണ്ടേക്കാം. വലിയ തിരുമേനി കാലം ചെയ്തതിനു ശേഷം, ജനലഴികളിൽകൂടി തിരുമനസ്സിലെ മുറിയൽ നോക്കിയിട്ട് എം.എ. ചാക്കോ പറഞ്ഞത് 'സിംഹം അതിന്റെ കൂട്ടിൽ നിന്ന് ഇറങ്ങിപ്പോയല്ലോ' എന്നായിരുന്നു.

'തലച്ചോറു പുഴുങ്ങി അരച്ചു അതുകൊണ്ടുണ്ടാക്കപ്പെട്ട മനുഷ്യൻ' എന്ന് എം. എം വർക്കി തിരുമേനിയെപ്പറ്റി പറഞ്ഞത് ഉദ്ധരിച്ചുകൊണ്ടാണ് പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത വട്ടശ്ശേരിൽ തിരുമേനിയെ അനുസ്മരിച്ചു പ്രസംഗിച്ചത്. ആ വിശുദ്ധന്റെ കബറിൽ കൊത്തിവച്ചിരിക്കുന്നതുപോലെ 'TIME WILL NOT DIM HIS GLORY!'

ഒരു പുരുഷായുസ്സ് മുഴുവൻ സ്വജീവൻ പോലും തൃണവൽഗണിച്ച് മാതൃസഭയ്ക്കു വേണ്ടി രാപ്പകൽ അധ്വാനിച്ച ഈ സത്യവിശ്വാസ സംരക്ഷകനെ (Defender of Faith) മലങ്കരസഭയ്ക്ക് ഒരിക്കലും വിസ്മരിക്കാൻ ആവില്ല. വിദേശ മേല്ക്കോയ്മകളുടെ അനധികൃത കടന്നാക്രമണങ്ങളെ വീര സിംഹം പോലെ ചെറുത്തുനിന്ന് സഭയുടെ സ്വാതന്ത്ര്യവും സ്വയശീർഷകത്വവും സംരക്ഷിക്കുന്നതിന് ദൈവനിയോഗം പ്രാപിച്ച ഈ പിതാവ്, നിരവധി പ്രതികൂലങ്ങളുടെ നടുവിൽ നിന്നുകൊണ്ട് രചിച്ച വീരഗാഥ, മലങ്കരസഭാ ചരിത്രത്തിലെ ഏറ്റം ത്യാഗോജ്ജ്വലമായ അദ്ധ്യായമാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും അചഞ്ചലമായ സഭാഭക്തിയുടെയും സൽഫലങ്ങളാണ് ഇന്ന് സഭ അഭിമാനത്തോടെ സംരക്ഷിക്കുന്ന പൗരസ്ത്യ കാതോലിക്കേറ്റും സഭാഭരണ ഘടനയും" (പരിശുദ്ധ പ്രഖ്യാപന കല്പന, 2023 ഫെബ്രുവരി 24).

7. വി. സി. സാമുവേൽ, *Truth Trimphs* (കോട്ടയം: MOC പബ്ലിക്കേഷൻസ്, 1986) p 123-125.

8. സാമുവേൽ ചന്ദനപ്പള്ളി, *മലങ്കര സഭാ പിതാക്കന്മാർ* (ചന്ദനപ്പള്ളി: CEEDEES പബ്ലിക്കേഷൻസ്, 1990), p. 189.

9. സാമുവേൽ ചന്ദനപ്പള്ളി, *.വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത* ... p. 95 - 96.

10. കെ. വി. മാമ്മൻ, *സഭയുടെ അഭിമാനം കാത്ത അണിയറ ശില്പികൾ* (കോട്ടയം: സോഫിയ ബുക്സ്, 2019), p. 487-489.

11. കെ. വി. മാമ്മൻ, *മണലിലച്ചന്റെ സഭാസ്മരണകൾ* (കോട്ടയം : സോഫിയ ബുക്സ്, 2002) p. 28.

12. ഡോ. യാക്കോബ് മാർ ഐറേനിയോസ്...................... pp. 141-142.

'മതോപദേശങ്ങൾ' - വട്ടശ്ശേരിൽ തിരുമേനി (e-copy) www.archives.org 'മുഖവുര'

14. യാക്കോബ് മാർ ഐറേനിയോസ് ..... p. 146.

15. ഇസ്സഡ്.എം പാറേട്ട്, വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് (കോട്ടയം: എം.ഒ.സി. പബ്ലിക്കേഷൻസ്, 1969) p. 806.

16. സാമുവേൽ ചന്ദനപ്പള്ളി, *മലങ്കര സഭാപിതാക്കന്മാർ* .... p 204.

17. ജോൺ തോമസ് കരിങ്ങാട്ടിൽ, *ഭാസുരതേജസ്സ്* (കോട്ടയം : എം.ഒ.സി. പബ്ലിക്കേഷൻസ്, 2023), p 70-71.

18. ഫാ. വി.സി. സമുവേൽ *'Truth Trumphs'* (കോട്ടയം എം.ഡി.സി. പബ്ലിക്കേഷൻസ്, 1986), p. 76.

19. യാക്കോബ് മാർ ഐറേനിയോസ്, p 56.

20. കെ. വി. മാമ്മൻ, *വട്ടശ്ശേരി തിരുമേനി : മലങ്കര സഭയുടെ കോട്ട...* p. 193.

5. ഗ്രന്ഥസൂചിക

കരിങ്ങാട്ടിൽ, ജോൺ തോമസ്. *ഭാസുരതേജസ്സ്.* കോട്ടയം: എം.ഒ.സി. പബ്ലിക്കേഷൻസ്, 2023

ചന്ദനപ്പള്ളി, സാമുവേൽ. *വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത.* കോട്ടയം: MOC പബ്ലിക്കേഷൻസ്, 2021

ചന്ദനപ്പള്ളി, സാമുവേൽ. *മലങ്കര സഭാ പിതാക്കന്മാർ.* ചന്ദനപ്പള്ളി: CEEDEES പബ്ലിക്കേഷൻസ്, 1990

ദിവന്നാസ്യോസ്, ഗീവർഗീസ് മാർ, *മതോപദേശസാരങ്ങൾ* (e-copy).

പാറേട്ട്, ഇസ്സഡ്.എം. *വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്.* കോട്ടയം: എം.ഒ.സി. പബ്ലിക്കേഷൻസ്, 1969.

മാമ്മൻ, കെ.വി. *മണലിലച്ചന്റെ സഭാസ്മരണകൾ.* കോട്ടയം: 2002.

മാമ്മൻ, കെ. വി. *വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട.* മാങ്ങാനം: കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, 2002.

മാമ്മൻ, കെ. വി. *സഭയുടെ അഭിമാനം കാത്ത അണിയറ ശില്പികൾ.* മാങ്ങാനം: കോട്ടയ്ക്കൽ പബ്ലീഷേഴ്സ്, 2019

മാർ ഐറേനിയോസ്, യാക്കോബ്. പ. *വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസിന്റെ ഡയറിക്കുറിപ്പുകൾ-പാഠവും പഠനവും.* കോട്ടയം: മാർ ഡയനേഷ്യസ് ഫൗണ്ടേഷൻ, 2009.

രാജു, ഡെറിൻ. *മലങ്കര സഭാ ഭരണഘടന: ചരിത്രം രേഖകൾ ഭേദഗതികൾ.* കോട്ടയം: സോഫിയ ബുക്സ്, 2019

വറുഗീസ്, കെ. കെ. *മലങ്കരസഭാ ഭാസുരൻ, വാല്യം 2.* കോട്ടയം: MOC പബ്ലിക്കേഷൻസ്, 1992.

സമുവേൽ, വി.സി. *Truth Triumphs*. കോട്ടയം: MOC പബ്ലിക്കേഷൻസ്, 1986

Georgian Mirror. April - June. Kochi : St. George Orthodox Church, Palarivattom, 2009.



ലാസറസ് റമ്പാൻ അന്തരിച്ചു



കാനഡാ: നിലയ്ക്കൽ ഭദ്രാസനത്തിലെ അയിരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളി ഇടവകാംഗവും, യുകെ-യൂറോപ്പ്-കാനഡ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഡോ. തോമസ് മാർ മക്കാറിയോസിന്റെ സഹോദരനുമായ ലാസറസ് റമ്പാൻ കോർഎപ്പിസ്കോപ്പാ (91) അന്തരിച്ചു.

ശവസംസ്കാര ശുശ്രൂഷ പിന്നീട് മാതൃ ഇടവകയായ നിലയ്ക്കൽ ഭദ്രാസനത്തിലെ അയിരൂർ സെൻറ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിൽ നടത്തപ്പെടും.

ലാസറസ് റമ്പാനെ ഓർക്കുമ്പോൾ

ഫാ. പി. എ. ഫിലിപ്പ്

91 വയസ്സ് പൂർത്തിയാക്കി വന്ദ്യ ലാസറസ് റമ്പാൻ നമ്മോടു വിടപറയുമ്പോൾ അര നൂറ്റാണ്ടു പിന്നിലേക്ക് യാത്ര ചെയ്തു അന്നത്തെ ചുറുചുറുക്കുള്ള 'ലാസർ അച്ചൻ' എന്ന ബഥനിസമൂഹ സന്യാസ പുരോഹിതനെ ഓർത്തെടുക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ബഥനി ആശ്രമത്തിലെ ആദ്യകാല സന്യാസികളിൽ ഒരാളായിരുന്നു ലാസർ അച്ചൻ. ആബോ യൂഹാനോൻ (പിന്നീട് യൂഹാനോൻ മാർ അത്താനാസിയോസ്) അച്ചനൊപ്പമായിരുന്നു ബഥനിയിലെ ജീവിതം. അയിരൂരിലെ പുരാതനവും പ്രസിദ്ധവുമായ കുറ്റികണ്ടത്തിൽ കുടുംബത്തിന്റെ സുഖങ്ങൾ ഉപേക്ഷിച്ചു ഏറെക്കുറെ കാട്ടുപ്രദേശമായിരുന്ന പെരുനാട് ബഥനി മലയിലേക്കു ലാസർ വന്നു. അന്ന് ബഥനി ആശ്രമത്തിലുണ്ടായിരുന്ന ഓലമേഞ്ഞ ഒരു പർണശാലയ്ക്ക് മുമ്പിൽ ലാസർ നിൽക്കുന്ന ഒരു ചിത്രം ഇപ്പോഴും എന്റെ കൈയിൽ ഉണ്ട്. വൈദികനായ ശേഷം ബഥനി ആശ്രമത്തിന്റെ കുന്നംകുളത്തുള്ള പ്രസിദ്ധമായ സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രിൻസിപ്പൽ ആയി 25 വർഷത്തോളം അദ്ദേഹം സേവനം ചെയ്തു. കുര്യാക്കോസ് ഒ.ഐ.സി. അച്ചനൊപ്പമാണ് കുന്നംകുളത്തു പ്രവർത്തിച്ചത്. അവധിക്കാലങ്ങളിൽ അദ്ദേഹം ബഥനി ആശ്രമത്തിൽ വരുമ്പോഴാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളതും പരിചയപ്പെട്ടിട്ടുള്ളതും. നല്ല അഴകുള്ള കറുപ്പായിരുന്നു നിറം. എങ്കിലും മുഖശ്രീ മുറ്റി നിൽക്കുന്ന, കുലീനത്വം വഴിഞ്ഞൊഴുകുന്ന മുഖം. ആരെയും ആകർഷിക്കുവാൻ പോരുന്ന ചിരി. നർമ്മം ചാലിച്ച സംസാര ശൈലി. ഒരു പ്രാവശ്യം കണ്ടവർ പിന്നെ അദ്ദേഹത്തെ മറക്കില്ല.

ഒരു കുടുംബത്തിൽ മൂന്നു അച്ചൻമാർ. സഹോദരങ്ങളായ മൂന്നു അച്ചൻമാരായിരുന്നു ഫാ. കെ. സി. തോമസ്, ഫാ. കെ. സി. ലാസർ ഒ.ഐ.സി., ഫാ. കെ. സി. മാത്യൂസ്. മൂത്ത സഹോദരൻ 1975-ൽ തോമസ് മാർ മക്കാറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി. ഇവരുടെ ഒരു സഹോദരി ബഥനി കോൺവെൻറിലേ സന്യാസിനിയുമായി (സിസ്റ്റർ മറിയം). അങ്ങനെ ഒരു വീട്ടിൽ നിന്ന് നാലുപേർ സഭാസേവനത്തിനായി സമർപ്പിക്കപ്പെട്ടു. മൂന്നുപേർ സന്യാസികൾ; ഒരാൾ വിവാഹിതൻ. അവർ മൂന്നുപേരും കടന്നു പോയി. ഒടുക്കത്തവനായി ലാസറും. ലാസർ അച്ചൻ എപ്പോഴും പറയുമായിരുന്നു, ബഥാന്യയിലെ വീട്ടിലെ ലാസറും മറിയയും പോലെ ബഥനി സമൂഹത്തിൽ ചേർന്ന ലാസറിന്റെയും മറിയയുടെയും കഥ. ലാസർ അച്ചൻ പിന്നീട് ബഥനിയിൽ നിന്നു വിട്ടു കുറേക്കാലം ബോംബെയിലും പിന്നീട് അമേരിക്കയിലും എല്ലാറ്റിനുമൊടുവിൽ കാനഡയിലും സഭാശുശ്രൂഷ നിർവഹിച്ചു. അതിനിടയിൽ റമ്പാൻ സ്ഥാനവും കോർഎപ്പിസ്കോപ്പ പദവിയും സ്വീകരിച്ചു. കുറേക്കാലമായി വിശ്രമജീവിതമായിരുന്നു. ലാസർ അച്ചന്റെ അതീവ ഹൃദ്യമായ പ്രസംഗങ്ങൾ എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. സ്വതസിദ്ധമായ ശൈലിയിൽ ചിരിയും ചിന്തയും നന്നായി ഇണക്കി ചേർത്ത പ്രസംഗരീതി. നല്ല അകക്കാമ്പുള്ള പ്രഭാഷണങ്ങൾ. ഒരിക്കൽ ഞങ്ങളുടെ കോളേജിൽ വാർഷിക സമ്മേളനത്തിന് മുഖ്യപ്രഭാഷകനായി അദ്ദേഹത്തെയാണ് ക്ഷണിച്ചത്. കൂവാൻ തയ്യാറായിരുന്ന കുമാരീകുമാരന്മാരെ നിമിഷം കൊണ്ട് കൈയ്യിലെടുത്തു അദ്ദേഹം. ആ പ്രസംഗത്തിൽ ആകൃഷ്ടരായി മിണ്ടടങ്ങി എല്ലാവരും അവിടെ ഇരുന്നുപോയി. കഷ്ടാനുഭവ ആഴ്ചയിൽ അദ്ദേഹം ബഥനി പള്ളിയിൽ നടത്തിയിട്ടുള്ള പല ധ്യാനപ്രസംഗങ്ങളും ഇപ്പോഴും എന്റെ മനസ്സിൽ പ്രതിധ്വനിക്കുന്നുണ്ട്. പള്ളി പ്രസംഗത്തിന്റെ പതിവ് രീതിയിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലി .

ഇതിലുപരി അദ്ദേഹം നല്ല ഒരു എഴുത്തു കാരനായിരുന്നു. അക്കാലങ്ങളിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നു. മലങ്കരസഭാ മാസികയിലെ സ്ഥിരം ലേഖകനായിരുന്നു. നല്ല ഒന്നാംതരം കൈയക്ഷരമായിരുന്നു അച്ചന്റേത്. ഏതു വിഷയത്തെയും വിമർശനാത്മകമായും പ്രായോഗികബുദ്ധിയോടെയും അദ്ദേഹം സമീപിക്കുകയും പ്രതികരിക്കുകയും ചെയ്തിരുന്നു. കുറെനാളായി വാർധക്യത്തിന്റെ രോഗങ്ങളുമൊക്കെയായി കഴിയുകയായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശബ്ദം നാം കേട്ടിരുന്നില്ല. വ്യത്യസ്ത ചിന്താധാരയും ജീവിത വീക്ഷണവും ഉണ്ടായിരുന്ന അദ്ദേഹത്തിന് ഒത്തിരി വിമർശകരും ഉണ്ടായിരുന്നു എന്നത് സ്വാഭാവികമാണല്ലോ.

കാനഡയിൽ ആയിരുന്നു അന്ത്യമെങ്കിലും ഇവിടെ സ്വന്തം നാട്ടിൽ അയിരൂരിലെ പള്ളിയിൽ അന്ത്യവിശ്രമം എന്ന് അറിയുന്നതിൽ സന്തോഷം. അദ്ദേഹത്തിന്റെ ശിഷ്യന്മാരായി ആയിരക്കണക്കിനാളുകൾ ലോകത്തിന്റെ വിവിധ കോണുകളിൽ ഉണ്ടാവും. അവരെല്ലാവരും ഈ പ്രതിഭാശാലിയെ നന്ദിയോടെ ഓർക്കുന്നുമുണ്ടാവും. ആദരാഞ്ജലികൾ.

Ramban Lazarus Corepiscopa: Life at a glance

Date of birth - 28 July 1933

Milestones in Spiritual life

May 16, 1953 - Joined in Bethany Ashram.
Dec.14, 1958 - Ordained as Sub Deacon - H.H. Mar Baselios Geevarghese II.
Dec. 20, 1958 - Ordained as full Deacon - Mathews Mar Athanasius.
Dec. 21, 1958 - Ordained as priest - Mathews Mar Ivanios.
Sep. 16, 2002 - Elevated as Ramban at Newyork. - Yuhanon Mar Militius.

വചനതീർത്ഥം

കൂനിയായ സ്ത്രീയെ സൗഖ്യമാക്കുന്നു

(വി ലൂക്കോസ് 13:10 –17)

ഫാ. ജെറിൻ ജോൺ അടൂർ



കർത്താവായ യേശുതമ്പുരാൻ സിനഗോഗിൽ കൂനിയായ സ്ത്രീയെ സൗഖ്യമാക്കുന്നു

പ്രതീകാത്മക പ്രാധാന്യവും പ്രാതിനിധ്യസ്വഭാവമുണ്ട് വി. ലൂക്കാസ് എഴുതിയ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ കഥാപാത്രത്തിന്. ബൈബിളിലെ മറ്റു പല സ്ത്രീകളെയും പോലെ അവൾക്കും പേരില്ല; ഊരുമില്ല. എന്നാൽ ഒരു കാര്യം സുവിശേഷകൻ എടുത്തു പറയുന്നുണ്ട് – ആർക്കും വ്യക്തമായി കാണാവുന്ന ഒരു പ്രത്യേകത. "നിവർന്നു നില്ക്കാൻ സാധിക്കാത്തവിധം കുനിപ്പോയ ഒരുവൾ' (വി. ലൂക്കോസ് 13:11). പതിനെട്ടു വർഷമായി ഈ അവസ്ഥയിലാണവൾ. ഒട്ടും നിവരാനാവാത്തവിധം നട്ടെല്ലു വളഞ്ഞു പോയി.

ബന്ധിതയാണവൾ. അടിച്ചമർത്തപ്പെട്ടവൾ; ഒരിക്കലും നിവരാനാവാത്തവിധം കൂനിയാക്കപ്പെട്ടവൾ. ഏതു പിശാചാണ് അവളെ ഈ അവസ്ഥയിലാക്കിയത്? എന്താണ് രോഗാത്മാവ്, അഥവാ ക്ഷയിപ്പിക്കുന്ന, അടിമയാക്കുന്ന ആത്മാവ് എന്ന പ്രയോഗത്തിന്റെ അർത്ഥം? ശാരീരികവും മാനസികവുമായ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നതാണ് ഈ പ്രയോഗം; ഒപ്പം സാമൂഹികാവസ്ഥയിലേക്കും. കൂനിപ്പോയ ശരീരത്തിന്റെ ആഘാതം മനസിനേറ്റതാവാം; അല്ലെങ്കിൽ മനസ്സിന്റെ ബലക്ഷയം ശരീരത്തെ തളർത്തിയതാവാം. വൈദ്യശാസ്ത്രവിദഗ്ധർ ഈ രോഗത്തെ നട്ടെല്ലിന്റെ ബലക്ഷയത്തോടു ബന്ധപ്പെടുത്തിയാണ് വ്യാഖ്യാനിക്കുക. മനശാസ്ത്രജ്ഞർക്കും സാമൂഹിക ശാസ്ത്രജ്ഞർക്കും തങ്ങളുടേതായ ശാസ്ത്രശാഖകളുടെ അടിസ്ഥാനത്തിലുള്ള വിശദീകരണങ്ങൾ നല്കാനുണ്ട്. ഒരു കാര്യത്തിൽ സംശയമില്ല – സുവിശേഷകൻ ഈ സ്ത്രീയെ ഒരു പ്രതീകവും പ്രതിനിധിയുമായിട്ടാണ് അവതരിപ്പിക്കുന്നത്. നിവർന്നു നില്ക്കാൻ കഴിയാത്തവിധം കൂനിപ്പോയ സ്ത്രീകളുടെ പ്രതീകം; അതേസമയം യേശു നല്കുന്ന വിമോചനം അനുഭവിച്ചറിഞ്ഞ് നിവർന്നു നില്ക്കുന്ന സ്ത്രീകളുടെ പ്രതിനിധിയും.

കാലഘട്ടത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ മങ്ങിപ്പോയ പ്രതീക്ഷകളെ അതിജീവിക്കുന്ന കൂനിയായ ആ സ്ത്രീ

മതമേഖലയിലുമുണ്ടായിരുന്നു കഠിനമായ വിവേചനം. സിനഗോഗിലും ദേവാലയത്തിലും സ്ത്രീകൾക്കായി പ്രത്യേകം സ്ഥലങ്ങൾ വേലികെട്ടി തിരിച്ചിരുന്നു. നിശ്ചിത അതിരുകൾ മറി കടക്കുന്നത് ശിക്ഷാർഹമായിരുന്നു. മതനിയമത്തിലെ വിലക്കുകളെല്ലാം സ്ത്രീകളും അനുസരിക്കണം. എന്നാൽ കല്പനകൾ അറിയാനോ അനുസരിക്കാനോ അവർക്കു കടമയില്ല. നിയമം അനുസരിക്കുന്നില്ല എന്നതു തന്നെ അവളെ തരം താഴ്ത്തുന്നതിന് കാരണമായി. പ്രാർത്ഥിക്കാം, എന്നാൽ ഉച്ചത്തിലാവരുത്. വീട്ടിൽപ്പോലും സ്ത്രീകൾ ഉച്ചത്തിൽ പ്രാർത്ഥിക്കുന്നത് നിഷിദ്ധമായിരുന്നു. ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള ആശീർവ്വാദ പ്രാർത്ഥനപോലും സ്ത്രീകൾക്ക് ഉച്ചത്തിൽ ചൊല്ലാൻ അനുവാദമില്ല. നിയമപഠനവും നിയമപാരായണവും സ്ത്രീകൾക്കു നിഷിദ്ധമായിരുന്നു. ഒരു യഹൂദഗുരുവും സ്ത്രീകളെ ശിഷ്യഗണത്തിൽ സ്വീകരിച്ചിരുന്നില്ല; മാത്രമല്ല, സ്ത്രീയോട് പൊതുസ്ഥലത്തുവച്ച് സംസാരിക്കുന്നതു തന്നെ കുറവായി പരിഗണിച്ചിരുന്നു.

സ്ത്രീകൾ അനുഭവിച്ചിരുന്ന വിവേചനത്തിന്റെയും അടിമത്തത്തിന്റെയും ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഇപ്രകാരം അടിച്ചേൽപ്പിക്കപ്പെട്ട അടിമത്തവും അപകർഷതാബോധവുംമൂലം കൂനിപ്പോയ സമകാലിക സ്ത്രീകളുടെയെല്ലാം പ്രതീകമാണ് സിനഗോഗിൽ നില്ക്കുന്ന കുനി. അവൾ സിനഗോഗിലേക്കു വന്നു എന്നതുതന്നെ ശ്രദ്ധേയമാണ്. അസാധാരണമായി എന്തെങ്കിലും സംഭവിക്കും എന്നു പ്രതീക്ഷിച്ചുകൊണ്ടാവില്ല അവൾ വന്നത്. സാബത്തു തോറും ചെയ്യാറുള്ളതു പോലെ പ്രാർത്ഥനയിൽ പങ്കുചേരാൻ വന്നു. ആരാലും ശ്രദ്ധിക്കപ്പെടാതെ, സ്ത്രീകൾക്കായി നിശ്ചയിച്ചിരുന്ന വേലിക്കെട്ടുകൾക്കുള്ളിൽ, അവൾ ഒതുങ്ങിനിന്നു. ദൈവസന്നിധിയിലേക്കു കണ്ണുകളുയർത്താൻ കഴിയാതെ, കുനിഞ്ഞ്.

പെട്ടെന്നാണ് എല്ലാം സംഭവിച്ചത്. പഠിപ്പിച്ചു കൊണ്ടിരുന്ന യേശു അവളെ കണ്ടു; അടുത്തേക്കു വിളിച്ചു. വിളികേട്ട അവൾ എല്ലാം മറന്നു. സ്ത്രീകൾക്കു നിശ്ചയിച്ചിരുന്ന നിയമങ്ങൾ മറന്നു; വേലിക്കെട്ടുകളും ഔചിത്യബോധവും മറന്നു. അതിർത്തി ലംഘിച്ച് അവൾ വേദിയിലേക്കു വന്നു. യേശുവിന്റെ വാക്കും കരസ്പർശവും അവളിൽ പുതുശക്തിയുണർത്തി. കൈകൾ രണ്ടും കണ്ണുകളോടൊപ്പം മുകളിലേക്ക്, സ്വർഗ്ഗത്തിലേക്ക് ഉയർന്നു. ഉള്ളിൽ നിറഞ്ഞു തുളുമ്പിയ സന്തോഷവും നന്ദിയും സ്തുതി കീർത്തനമായി ഉയർന്നു. സ്ത്രീകൾ സഭയിൽ നിശ്ശബ്ദമായിരിക്കണം എന്ന കല്പനകളൊന്നും അവൾ ഓർമ്മിച്ചതേയില്ല. സുദീർഘമായ 18 വർഷം താൻ ചുമന്നുകൊണ്ടു നടന്ന ഭാരം പൊടുന്നനെ



മുതുകിൽ നിന്നു മാറിയപ്പോൾ ഉണ്ടായ സ്വാതന്ത്ര്യാനുഭവം, ആശ്വാസം, സന്തോഷം, എത്ര ഉച്ചത്തിൽ വിളിച്ചുകൂവിയാലും മതിയാവില്ല എന്ന തോന്നൽ.

ക്രിസ്തുവിൽ നിന്നും സമഗ്രമായ സൗഖ്യം പ്രാപിച്ച കൂനിയായായവൾ

യേശു സൗഖ്യപ്പെടുത്തിയപ്പോൾ കൂനിയായ സ്ത്രീ നിവർന്നുനിന്ന് ദൈവത്തെ സ്തുതിച്ചുവെന്ന് ദൈവവചനം പറയുന്നു. ക്രിസ്തു തരുന്ന ശരീരത്തിന്റെ സൗഖ്യം, മനുഷ്യന്റെ മറ്റെല്ലാ തലങ്ങളെയും –മാനസിക, ആത്മീയ തലങ്ങളെപ്പോലും ആഴമായി സ്പർശിക്കത്തക്കവിധം സമഗ്രവും സമ്പൂർണവുമായിരിക്കും. അതുകൊണ്ടാണ് യേശുവിൽനിന്നും ശാരീരികസൗഖ്യം കിട്ടിയവരൊക്കെത്തന്നെ ദൈവത്തെ സ്തുതിക്കുകയും ശുശ്രൂഷിക്കുകയും അനുഗമിക്കുകയും ചെയ്യുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നത്.

യഹൂദരെ സംബന്ധിച്ചിടത്തോളം അതിവിശുദ്ധമായ സാബത്തുദിവസം ഏതെങ്കിലും തരത്തിലുള്ള ജോലി ചെയ്യുന്നത് നിഷിദ്ധമായിരുന്നു. എന്നാൽ യേശു ആ സ്ത്രീയെ കണ്ട മാത്രയിൽ, അവളെ സുഖപ്പെടുത്തുവാൻ മുൻകൈയെടുക്കുന്നു. സാബത്ത് ലംഘിച്ചുവെന്ന് സിനഗോഗധികാരി കുറ്റപ്പെടുത്തുമ്പോൾ അവിടുന്ന് യഥാർത്ഥത്തിൽ സാബത്ത് ആചരിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. മനുഷ്യരോട് കരുണയും കനിവും

കാണിക്കുമ്പോഴാണ് സാബത്തിന്റെ അധിപനായ ദൈവം യഥാർത്ഥത്തിൽ മഹത്വപ്പെടുന്നത് എന്ന് അതിലൂടെ അവിടുന്ന് സൂചിപ്പിക്കുന്നു.

കൂനിപ്പോയവരുടെ ഭൂതകാലം - അതെന്തുമായിക്കൊള്ളട്ടെ ചിലപ്പോൾ സ്വന്തം കുറ്റത്താൽ കൂനിപ്പോയവരായിരിക്കാം. എന്നാൽ രക്ഷാകരമായ ഇടപെടലുകൾ നടത്താൻ അത് നമുക്ക് തടസമാകരുത്. യേശുതന്നെയും കൂനിയായ ആ സ്ത്രീയുടെ സമകാലിക ദുരിതങ്ങളും ദുരവസ്ഥയും മാത്രമേ പരിഗണിക്കുന്നുള്ളൂ. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യത്തിലും അവളുടെ ഭൂതകാലം യേശു പരിഗണിക്കുന്നില്ല. ഇനിമേൽ (ഇന്നുമുതൽ) പാപം (യോഹ.8:1-11) ചെയ്യരുത് എന്നാണ് യേശു പറയുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. നമ്മോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയും പാപം നിറഞ്ഞ നമ്മുടെ ഭൂതകാലത്തെ മറക്കാൻ ദൈവത്തെ പ്രേരിപ്പിക്കുന്നു. ധൂർത്ത പുത്രന്റെ ഉപമയും അതു തന്നെയാണ് വ്യക്തമാക്കുന്നത്.

സ്വന്തമായി മഹത്വമോ മൂല്യമോ സ്ത്രീകൾക്ക് അനുവദിച്ചു കൊടുക്കാതിരുന്ന യഹൂദമത സാമൂഹ്യക്രമത്തിന്റെ പ്രതീകമാണ് പേരോ നാടോ വ്യക്തിത്വത്തിന്റെ മറ്റു സവിശേഷതകളോ രേഖപ്പെടുത്താത്ത ഈ കൂനിയായ സ്ത്രീ. അവളെയാണ് യേശു അടുത്തുവിളിച്ച് സുഖപ്പെടുത്തി 'അബ്രാഹത്തിന്റെ പുത്രി' എന്ന് അഭിസംബോധന ചെയ്യുന്നത്. എല്ലാ കാലഘട്ടത്തിലും അനുവർത്തിക്കേണ്ട പക്വമായ സ്ത്രീവിമോചനത്തിന്റെ മഹത്തായ മാതൃകയാണ് ഇവിടെ യേശുവിൽ നാം കാണുക.

സ്രഷ്ടാവ് കല്പിച്ചു നല്കിയതും എന്നാൽ കാലക്രമത്തിൽ നഷ്ടപ്പെട്ടു പോയതുമായ ആദിമഹത്വത്തിലേക്ക് സ്ത്രീയെ പുനഃപ്രവേശിപ്പിക്കുകയാണ് പേരില്ലാതിരുന്ന അവളെ 'അബ്രാഹത്തിന്റെ പുത്രി' എന്ന് അഭിസംബോധന ചെയ്യുന്നതിലൂടെ യേശു ചെയ്യുക. കൂനിയായ സ്ത്രീയെ സുഖപ്പെടുത്താൻ യേശു കാണിച്ച തിടുക്കവും തീക്ഷ്ണതയും സ്നേഹവും കരുണയും ജീവിതത്തിൽ കൂനിപ്പോയവരുടെ ഇടയിൽ നാം നടത്തുന്ന രക്ഷാകരമായ ഇടപെടലുകൾക്ക് ജീവസുറ്റ മാതൃകയാണ്.

നിരന്തരമായ ദൈവ സംസർഗ്ഗത്തെ പ്രതിഫലിപ്പിച്ചവൾ

യേശു സൗഖ്യപ്പെടുത്തിയപ്പോൾ കൂനിയായ സ്ത്രീ നിവർന്നുനിന്ന് ദൈവത്തെ സ്തുതിച്ചുവെന്ന് ദൈവവചനം പറയുന്നു. ക്രിസ്തു തരുന്ന ശരീരത്തിന്റെ സൗഖ്യം, മനുഷ്യന്റെ മറ്റെല്ലാ തലങ്ങളെയും -മാനസിക, ആത്മീയ തലങ്ങളെപ്പോലും ആഴമായി സ്പർശിക്കത്തക്കവിധം സമഗ്രവും സമ്പൂർണവുമായിരിക്കും. അതുകൊണ്ടാണ് യേശുവിൽനിന്നും ശാരീരികസൗഖ്യം കിട്ടിയവരൊക്കെത്തന്നെ ദൈവത്തെ സ്തുതിക്കുകയും ശുശ്രൂഷിക്കുകയും അനുഗമിക്കുകയും ചെയ്യുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നത്.

യഹൂദരെ സംബന്ധിച്ചിടത്തോളം അതിവിശുദ്ധമായ ശാബത്തുദിവസം ഏതെങ്കിലും തരത്തിലുള്ള ജോലി ചെയ്യുന്നത് നിഷിദ്ധമായിരുന്നു. എന്നാൽ യേശു ആ സ്ത്രീയെ കണ്ട മാത്രയിൽ, അവളെ സുഖപ്പെടുത്തുവാൻ മുൻകൈയെടുക്കുന്നു. ശാബത്ത് ലംഘിച്ചുവെന്ന് സിനഗോഗധികാരി കുറ്റപ്പെടുത്തുമ്പോൾ അവിടുന്ന് യഥാർത്ഥത്തിൽ ശാബത്ത് ആചരിക്കേണ്ടണ്ടത് എങ്ങനെയെന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. മനുഷ്യരോട് കരുണയും കനിവും കാണിക്കുമ്പോഴാണ് സാബത്തിന്റെ അധിപനായ ദൈവം യഥാർത്ഥത്തിൽ മഹത്വപ്പെടുന്നത് എന്ന് അതിലൂടെ അവിടുന്ന് സൂചിപ്പിക്കുന്നു.

കൂനിപ്പോയവരുടെ ഭൂതകാലം - അതെന്തുമായിക്കൊള്ളട്ടെ ചിലപ്പോൾ സ്വന്തം കുറ്റത്താൽ കൂനിപ്പോയവരായിരിക്കാം. എന്നാൽ രക്ഷാകരമായ ഇടപെടലുകൾ നടത്താൻ അത് നമുക്ക് തടസമാകരുത്. യേശുതന്നെയും കൂനിയായ ആ സ്ത്രീയുടെ സമകാലിക ദുരിതങ്ങളും ദുരവസ്ഥയും മാത്രമേ പരിഗണിക്കുന്നുള്ളൂ. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യത്തിലും അവളുടെ ഭൂതകാലം യേശു പരിഗണിക്കുന്നില്ല. ഇനിമേൽ (ഇന്നുമുതൽ) പാപം (യോഹ. 8:1-11) ചെയ്യരുത് എന്നാണ് യേശു പറയുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. നമ്മോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയും പാപം നിറഞ്ഞ നമ്മുടെ ഭൂതകാലത്തെ മറക്കാൻ ദൈവത്തെ പ്രേരിപ്പിക്കുന്നു. ധൂർത്ത പുത്രന്റെ ഉപമയും അതുതന്നെയാണ് വ്യക്തമാക്കുന്നത്.

സ്വന്തമായി മഹത്വമോ മൂല്യമോ സ്ത്രീകൾക്ക് അനുവദിച്ചു കൊടുക്കാതിരുന്ന യഹൂദമത സാമൂഹ്യക്രമത്തിന്റെ പ്രതീകമാണ് പേരോ നാടോ വ്യക്തിത്വത്തിന്റെ മറ്റു സവിശേഷതകളോ രേഖപ്പെടുത്താത്ത ഈ കൂനിയായ സ്ത്രീ. അവളെയാണ് യേശു അടുത്തുവിളിച്ച് സുഖപ്പെടുത്തി 'അബ്രാഹത്തിന്റെ പുത്രി' എന്ന് അഭിസംബോധന ചെയ്യുന്നത്. എല്ലാ കാലഘട്ടത്തിലും അനുവർത്തിക്കേണ്ട പക്വമായ സ്ത്രീവിമോചനത്തിന്റെ മഹത്തായ മാതൃകയാണ് ഇവിടെ യേശുവിൽ നാം കാണുക.

സ്രഷ്ടാവ് കല്പിച്ചു നല്കിയതും എന്നാൽ കാലക്രമത്തിൽ നഷ്ടപ്പെട്ടു പോയതുമായ ആദിമഹത്വത്തിലേക്ക് സ്ത്രീയെ പുനഃപ്രവേശിപ്പിക്കുകയാണ് പേരില്ലാതിരുന്ന അവളെ 'അബ്രാഹത്തിന്റെ പുത്രി' എന്ന് അഭിസംബോധന ചെയ്യുന്നതിലൂടെ യേശു ചെയ്യുക. കൂനിയായ സ്ത്രീയെ സുഖപ്പെടുത്താൻ യേശു കാണിച്ച തിടുക്കവും തീക്ഷ്ണതയും സ്നേഹവും കരുണയും ജീവിതത്തിൽ കൂനിപ്പോയവരുടെ ഇടയിൽ നാം നടത്തുന്ന രക്ഷാകരമായ ഇടപെടലുകൾക്ക് ജീവസുറ്റ മാതൃകയാണ്.



ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ വാർഷിക സമ്മേളനം ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു.



നിരണം ഭദ്രാസനം സംഘടിപ്പിച്ച മെറിറ്റ് ഈവനിംഗ് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. റിജോ ജോൺ ശങ്കരത്തിൽ മുഖ്യപ്രഭാഷണം നിർവഹിച്ചു.



മദ്രാസ് ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഫീലക്സീനോസ് സിഡ്നി സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ വിശുദ്ധ കൂദാശ നിർവഹിച്ചു.

Church Calendar

When Donkeys Enjoy More Freedom Than Humans



(Fifth Sunday of Great Lent, Luke 13:10-17)

Fr. Sajoie Samuel

In today's Evangelion reading we see a bent lady, suffering acute discomfort and still making it a point to come to the synagogue to praise God. For 18 years she hasn't stood upright, she hasn't conversed properly with another person by making eye contact, nor has she led a life sans pain. When she is healed, the leader of the synagogue warns the people to come on the other six days and be healed, but not on a Sabbath. The only difference between this bent lady and the leader of the synagogue is that, the former is aware of her deformity, whereas the latter is oblivious of his ailment.

The Pharisees and teachers of the Law gave undue importance to the Laws as a result of which they manipulated them which made life tough for the general public. They took the fourth commandment literally and broke it down to 618 statutes which were an added burden to the people. Jesus highlights this hypocrisy when He asks them if it is right to cater to the needs of a donkey on a Sabbath, but curtail the freedom of humans.

I. ARE WE CONCERNED ABOUT OUR NEIGHBOURS WELL BEING?

At times we are so immersed in our world and our affairs that we turn a blind eye to our brethren. In the Parable of the Prodigal Son, the elder brother was so caught up with his daily affairs that he could not partake in the joy of his father when the latter welcomes the Prodigal Son back home. The leader of the synagogue witnesses a miracle but his obstinate mentality refuses to accept it. He had no authority or a ability to heal on any day of the week, let alone Sabbath and yet discourages it when it is done by someone who can heal.

Jesus could have healed from a distance, but instead He calls her by His side, stretches forth His hands and heals her. No words of plea for mercy or healing is voiced by the bent woman. Still Jesus understands her silence and heals her. There lies the beauty of our Saviors loving care and ministry towards the downtrodden. This lady was huddled in a corner, unable to even look upto the face of Jesus. But Jesus knew exactly what she wanted and He caters to her needs.

II. JESUS MAKES THE CROOKED ONES STRAIGHT AND THE STRAIGHT, CROOKED

By the end of verse 17, we can see two types of people. The first lot are healed from their bent physique and they praise God. These include the bent woman and the people who witness it and praise God. Another set of people (like the leader of the synagogue) are those who are bent upon not acknowledging the salvific plan of Jesus. So he has no guts to retaliate directly to Jesus and so speaks to all with a hidden message to Jesus.

When one is humiliated and has nothing to say to counter his/ her arguments, the eyes automatically stoop down. On the other hand, when right faith leads to healing, the eyes are raised up in praise and gratitude. So the leaders eyes look down whereas the bent woman looks up. Nobody comes to Jesus' presence and goes back unaffected. Here, the bent woman is better off as after meeting Jesus she is healed, whereas the leader of the synagogue is not even aware of his crookedness in spirituality.

III. EVEN BEING SILENT IN GOD'S PRESENCE IS A BLESSING FOR US

Many new gen believers question the efficacy of going to church especially after the Covid era. Official responsibilities, educational programs, amidst other detours divert us from our spiritual quest. But the best part is, we see going to church as a task where in we have to do certain things to gain blessings from God. The bent woman here teaches us a cardinal lesson. She does not voice out her prayer for cleansing or healing to Jesus.

The bent woman teaches us to do our part in the best way when in God's presence. Firstly she has a strong faith that made her a regular visitor to the synagogue even when she has been suffering from a bent spine for 18 years. Secondly, she would have surely prayed for her healing but she doesn't overburden herself or Jesus with it. Thirdly, when she is healed, she immediately praises God for the transition in her life. She needs to be applauded for her healthy spiritual life as she did not let her 18 years of physical discomfort be a stumbling block for her spiritual life

IV. IN JESUS CHRIST OUR FAITH IS OUR IDENTITY

We are not told about the name of this bent lady. Neither the Evangelist nor Jesus highlights this information for us. If in one glance Jesus could comprehend her illness and it's duration, He could have also known about her name too. But Jesus speaks up for her, addressing her as "Daughter of Abraham". This was Jesus' way of giving her a new identity based on her faith. Till that day, no one would have even bothered to assist or even talk to her. But here Jesus Christ is giving her a title that the Pharisees used extensively for themselves.

Jesus is here acknowledging the faith that this lady showed. She did not let 18 years of physical affliction hamper her spiritual life. God honors an individual and his/her dignity. She comes to God's presence inspite of her limitations and shortcomings. On the other hand, the leader of the synagogue was creating limitations for others in their spiritual quest. In this Holy Lent, let us carve out for ourselves an identity, by which God can proudly address us and delineate our faith to others.

To conclude, let us identify the pains our brethren our going through by which we can understand our bent nature and expedite the healing process. May the Holy Spirit help us to identify our bent self and label us as "Daughter/ Son of Abraham". Let us be punctual and devoted in our spiritual journey by which we can observe this sanctity and purity in thoughts.

❑



തഴക്കര എം.എസ് സെമിനാരി ഹൈസ്കൂളിന്റെ നൂറ്റിമൂന്നാമത് വാർഷികവും, വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രഅയപ്പും, സ്കൂൾ പുനരുദ്ധാരണത്തിന്റെ ഉത്ഘാടനവും പ്രതിഭകൾക്കുള്ള അവാർഡ് ദാനവും എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്തു.



OVBS 2024 Central Camp at Parumala.

കലാലയങ്ങളിൽ അക്രമ രാഷ്ട്രീയം അരുത്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം

കോട്ടയം : വിദ്യാർത്ഥി രാഷ്ട്രീയം അക്രമശക്തമാവുകയും ജീവനെടുക്കുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. കലാലയങ്ങൾ കുരുതിക്കളങ്ങളാകാൻ അനുവദിക്കരുത്. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും രാഷ്ട്രനിർമാണത്തിൽ പങ്കാളികളാകാനും വർഗീയ ധ്രുവീകരണ പ്രവണതകളെ പ്രതിരോധിക്കുവാനും വിദ്യാർത്ഥി രാഷ്ട്രീയത്തിന് കഴിയണം. പരസ്പര ആദരവും അഭിപ്രായ സ്വാതന്ത്ര്യവും, വിയോജിക്കാനുള്ള അവകാശവും എല്ലാവർക്കും നൽകുന്ന വിശാല കാഴ്ചപ്പാടാണ് അനുപേക്ഷനീയമായിട്ടുള്ളത്.

വയനാട് വെറ്റിനറി കോളേജിൽ നടന്ന കൊലപാതകത്തെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ശക്തമായി അപലപിക്കുന്നു. കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കാൻ അധികാരികളോട് ആവശ്യപ്പെടുന്നു. ആരോഗ്യകരമായ, അഭിപ്രായ സ്വാതന്ത്ര്യമുള്ള ,രാഷ്ട്രത്തെക്കുറിച്ചുള്ള വികസന കാഴ്ചപ്പാടിലധിഷ്ഠിതമായ വിദ്യാർത്ഥി രാഷ്ട്രീയം ആവശ്യമാണ് എന്ന അഭിപ്രായമാണ് പ്രസ്ഥാനത്തിനുള്ളത് എന്ന് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യുലിയോസ് മെത്രാപോലീത്ത, വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി, ജനറൽ സെക്രട്ടറി ഫാ വിജു ഏലിയാസ്,. ട്രഷറർ പേൾ കണ്ണേത്ത് എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

അമേരിക്കയിൽ വച്ച് നടന്ന ലോകോത്തര ശരീര സൗന്ദര്യ മത്സരമായ അർനോൾഡ് ക്ലാസിക് മത്സരത്തിൽ കിരീടം നേടി രാജേഷ് ജോൺ. അടൂർ കടമ്പനാട് ഭദ്രാസനത്തിലെ ഏന്നാത്ത് സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.





സ്ത്രീകളുടെ ഉന്നമനത്തിനും സ്ത്രീസൗഹൃദ സമൂഹം വളർത്തിയെടുക്കുന്നതിനും പ്രോത്സാഹനജനകമായ മാധ്യമപ്രവർത്തനത്തിനുള്ള കേരള വനിതാ കമ്മിഷന്റെ ഈ വർഷത്തെ മികച്ച റിപ്പോർട്ട് (മലയാളം അച്ചടി മാധ്യമം) വിഭാഗത്തിൽ മലയാള മനോരമ പാലക്കാട് യൂണിറ്റിലെ സബ് എഡിറ്റർ ബിജിൻ സാമുവലിനാണ് (20,000) പുരസ്കാരം. ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്. വിളയിൽ എബ്രഹാം സാമുവേലിന്റെയും മോനി സാമുവേലിന്റെയും മകളാണ്. ആർത്തവ ദിവസങ്ങൾ സംബന്ധിച്ച് വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി തയാറാക്കിയ 'ആശ്വാസ വാർത്ത' എന്ന റിപ്പോർട്ടിനാണ് പുരസ്കാരം.

പ്രാർത്ഥന

പ. പരുമല തിരുമേനി

- പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.
- ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൽ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.
- നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.
- ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.
- ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?
- ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.
- രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.
- സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.
- നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.